# പീതകാലങ്ങൾക്ക്
# ഒരു
# ആമുഖം



P K M COLLEGE OF EDUCATION
MADAMPAM

**COLLEGE MAGAZINE 2022-23**

നിറം കെട്ട ലോകത്ത്
നിറം കെടുത്തിയവരുടെ മുന്നിൽ
ഇരുട്ടിന്റെ ഹൃദയത്തിൽ
ചൂട്ട് കത്തിച്ചുവെച്ച്
ചങ്കിലെ ചോപ്പിൽ മുക്കി

'പീതകാലങ്ങൾക്ക് ഒരു ആമുഖം'

എഴുതുകയാണ്





# പീതകാലങ്ങൾക്ക്

# ഒരു



# ആമുഖം






*CHIEF EDITOR*

**Dr. JESSY N C**

PRINCIPAL
PKM COLLEGE OF EDUCATION
MADAMPAM

*STAFF EDITOR*

**Mrs. JOMOL JOSE**

DEPT OF NATURAL SCIENCE

*STUDENT EDITOR*

**Ms. AISWARYA P V**

*COVER DESIGN*

**AISWARYA P V**

*DESIGNING & LAYOUT*

**DEVIKA K K**

*EDITORIAL BOARD*

**ANAGHA V J**
**ARSHA V**
**ANJITHA A**
**AKHIL C K**
**AKHILA V**
**SNEHADAS D S**
**SREELAKSHMI V P**
**LINET TREESA MATHEW**
**DIVYA K S**
**ANUSHA V**
**ANJU V**
**TINCY THOMAS**


"Learn of me for I am gentle
and humble in heart"
(Mt. 11: 20)



## Chev. Prof. V . J. JOSEPH KANDOTH



# FOUNDER PATRON

# MAR. KURIAKOSE KUNNACHERRY



OUR FOUNDER MANAGER

# REV. FR. STEPHEN JAYARAJ



# OUR PATRON

## HIS GRACE MAR. MATHEW MOOLAKATTU

(METROPOLITAN ARCHBISHOP OF KOTTAYAM)



# MANAGER

## HIS EXCELLENCY MAR. JOSEPH PANDARASSERIL

## ( AUXILIARY BISHOP OF KOTTAYAM)



PRO MANAGER

# V. REV. FR. JOY KATTIYANKAL



# LOCAL MANAGER

## V.REV. FR. PHILIP RAMACHANATTU

# OUR PRINCIPAL




## DR. JESSY N. C



നാം വായിച്ച വരികൾക്കപ്പുറത്തും
കണ്ട കാഴ്ചകൾക്കപ്പുറത്തും
നമ്മുടെ ചിന്തകൾക്കപ്പുറത്തും
നിറങ്ങളാൽ പൊതിഞ്ഞു വെച്ച
അനേകമായിരം,
തുടിക്കുന്ന യാഥാർഥ്യങ്ങൾ
കാത്തു നിൽക്കുന്നുണ്ടാവാം.

ആ യാഥാർഥ്യങ്ങൾ
നീയോ ഞാനോ
സമൂഹത്തിനു മുൻപിൽ
അവതരിപ്പിക്കുമ്പോൾ
നീ സ്വയം നിന്നെ അറിയുകയും
അടുത്തിരിക്കുന്നവനെ
അറിയുന്നവനുമാകുന്നു.
നിറങ്ങളാൽ ചാലിച്ച
സുഖദുഃഖ പരിദേവനങ്ങൾ നിറഞ്ഞ
ഓർമ്മകളായി,
ഒരു അപ്പൂപ്പൻതാടി കണക്കെ
മൃദുലമനോഹരമായി
നമ്മളിൽ നിറഞ്ഞു നിൽക്കട്ടെ....

മാഗസിൻ ടീം





മടമ്പം പി കെ എം കോളേജ് ഓഫ് എജ്യുക്കേഷൻ ഈ വർഷത്തെ
കോളേജ് മാഗസിൻ വിപുലമായി പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു
എന്നറിഞ്ഞതിൽ ഏറെ സന്തോഷം.
വിദ്യാർത്ഥികളുടെ സർഗാത്മക രചനകളും
ആനുകാലിക വിദ്യാഭ്യാസ മേഖലയിലെ വിഷയങ്ങളും ഉൾപ്പെടുത്തിയാകും
മാഗസിൻ പ്രസിദ്ധീകരിക്കുന്നത് എന്ന് പ്രതീക്ഷിക്കുന്നു.
നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന
അപചയത്തിനെതിരെ ഉള്ള ശക്തമായ പ്രതികരണങ്ങൾ ഇതിൽ
ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നു. വിദ്യാർത്ഥികൾക്ക് എന്നും
ഗൃഹാതുരത്വം നൽകുന്ന ഒന്നാണ് കോളേജ് മാഗസിനുകൾ. ഈ
മാഗസിനും വിദ്യാർത്ഥികൾ ഹൃദയപക്ഷത്തോടെ ചേർത്ത്
സ്വീകരിക്കട്ടെ.
എന്റെ എല്ലാ ഭാവുകങ്ങളും നേരുന്നു

സ്നേഹപൂർവ്വം,

വി. ഡി. സതീശൻ



മടമ്പം പി കെ എം ട്രയിനിംഗ് കോളജ് വിദ്യാർത്ഥി യൂണിയൻ
വ്യതിരിക്തമായ കർമ്മപരിപാടികളുടെ സംഘാടനത്തിലൂടെ
ഇതിനോടകം തന്നെ ശ്രദ്ധ നേടിക്കഴിഞ്ഞിട്ടുണ്ട്.കോളജിന്റെ ഏറ്റവും
ഒടുവിലത്തെ കാൽവെപ്പാണ് 'പീതകാലങ്ങൾക്ക് ഒരാമുഖം' എന്ന
ഈ മാഗസിൻ.അധ്യാപക വിദ്യാർത്ഥികളുടെ മുൻകയ്യിൽ വെളിച്ചം
കാണാറുള്ള മാഗസിനുകളിലെ പതിവ് ചേരുവകളല്ല ഈ മാഗസിൻ
മുന്നോട്ടുവെക്കുന്നത്.പുതിയ കാലത്തെ വിദ്യാഭ്യാസ പ്രവർത്തകർ
അറിഞ്ഞിരിക്കേണ്ട ഏറ്റവും നൂതനമായ ഉള്ളടക്കം കൊണ്ട്
സമ്പന്നമാണീ അക്ഷരസഞ്ചയിക.പല നിറങ്ങളിൽ പ്രകൃതിയും
പ്രണയവും പ്രതീക്ഷയും വരയ്ക്കപ്പെടുന്നു. കടും നിറങ്ങളിൽ
മഹാമാരിയും ലഹരിയും ദുരന്തങ്ങളും ഹിംസയും ചർച്ചയാവുന്നു.
നാനാനിറങ്ങളിൽ കാൽപ്പന്തുകളും മഴവില്ലിൽ വ്യതിരിക്ത
സ്വത്വരൂപങ്ങളും തെളിയുന്നു.
മികച്ച പഠനാന്തരീക്ഷവും കഴിവുറ്റ അധ്യാപക നിരയുമുള്ള
കോളജിന്റെ വൈജ്ഞാനികതയെ, സർഗ്ഗാത്മകതയെ
അടയാളപ്പെടുത്താനുള്ള ഈ വേറിട്ട ശ്രമത്തെ അഭിനന്ദിക്കാതെ വയ്യ.
മാഗസിന് സർവ്വവിധ ആശംസകളും നേരുന്നു.

വീരാൻകുട്ടി മാഷ്



Teacher Education institutions have a major role in developing competent teachers. The PKM College of Education always intended to provide different exposures in the field of education. I am glad to know that the students of PKM College of Education are publishing a magazine on behalf of the College Union 2022-23. I would like to appreciate the staff and the students who have worked so hard for the successful completion of the same. This magazine, a glimpse of versatile experiences that you have gained from the college may give you the vitality to become responsible and productive teachers, thus inculcate and nurture values in our little stars. I wish all the best for all student teachers to become inspiring teachers.

Bishop JOSEPH PANDARASSERIL
Manager, PKM College of Education, Madampam



I am glad to hear that the students of P K M College Madampam are coming out with College Magazine peethakalangalku oru amukham.
I here by congratulate and convey my joyful wishes to the students staff and principal of P K M college for bringing out this Annual Magazine.
Over the years this institution has provided the students with opportunities to explore and grow through situations that challenge them to identity their strengths and reinforce them. The words of the greatest Scientist Albert Einstein aptly speak of our vision.
"I don't teach my children.I create conditions for them to learn".
College Magazine is one of the conditions for them to learn. They encourage students to think and write. Infact young talents find its first exposure through this medium. Their creativity, innovations, and capabilities are expressed in their writings.

Keep this good work going.
My best wishes all ways
Fr. Joy kattiyankal
Pro- Manager.



പ്രിയരേ,

മടമ്പം പികെഎം (പ്രൊഫസർ കണ്ണോത്ത് മെമ്മോറിയൽ )കോളേജ്..

ആദ്യകാല സഭാ നേതൃത്വത്തിന്റെയും, അൽമായ
നേതൃത്വത്തിന്റെയും പൂർണ രൂപമാണ്. കാലാകാലങ്ങളായി
മാറിമാറിവന്ന അധികാരികളുടെയും, അധ്യാപകരുടെയും,
വിദ്യാർത്ഥികളുടെയും, അനധ്യാപകരുടെയും കഠിനാധ്വാനത്തിന്റെ
പ്രതീകം.അച്ചടക്കത്തിന്റെയും, മികവുറ്റ അധ്യാപനത്തിന്റെയും
അതുവഴി നേടിയെടുത്ത 100 മേനി വിജയത്തിന്റെയും കഥ പറയുന്ന
അധ്യാപക പരിശീലന കേന്ദ്രം. പ്രകൃതി രമണീയതയുടെ
നെറുകയിൽ തലയെടുപ്പോടെ നിൽക്കുന്ന, ശില്പ ചാരുതയുടെ
മനോഹാരിത വിളമ്പുന്ന ഈ കലാലയം നാൾക്കുനാൾ
എല്ലാവരുടെയും പരിശ്രമത്താൽ ഇനിയും ഉ ന്നതിയിലേക്ക്
കുതിക്കട്ടെ എന്ന് ആശംസിക്കുന്നു...

സ്നേഹപൂർവ്വം,

ഫാ. ഫിലിപ്പ് രാമച്ചനാട്ട്
ലോക്കൽ മാനേജർ
പികെഎം കോളേജ്
മടമ്പം.



കലാലയങ്ങളുടെ ചരിത്ര വഴികളിൽ സ്പന്ദനമായി നിലനിൽക്കുന്നതാണ്
കോളേജ് യൂണിയൻ മാഗസിനുകൾ. യൗവ്വനത്തിന്റെ തീക്ഷ്ണതയും
സൗഹൃദങ്ങളുടെ ഇഴയടുപ്പവും
വികാരവിചാരങ്ങളുടെ അനർഗളതയും സർഗ്ഗ
സൃഷ്ടികളായി പരിണമിച്ചിരിക്കുന്നു.
'പീതകാലങ്ങൾക്ക് ഒരു ആമുഖം'
പി കെ എം കോളേജിന്റെ 2022-2023 അധ്യയനവർഷത്തെ നവീനമായ
കാഴ്ചപ്പാടോടെ തനതായി അടയാളപ്പെടുത്തിയിരിക്കുകയാണ്.

നിറഭേദങ്ങളെ എത്ര സർഗ്ഗാത്മകമായാണ് അധ്യാപക വിദ്യാർത്ഥികൾ
ആവിഷ്കരിച്ചിരിക്കുന്നത്. അത്ഭുതാവഹം തന്നെ! പ്രകൃതിഭാവങ്ങൾ, മാനവികത,
ദുരന്തങ്ങൾ, ക്രൂരതകൾ, കല, കായികം, വിനോദങ്ങൾ എന്നിങ്ങനെ
സമഗ്രമായ സമീപനവും അവയുടെ സമഞ്ജസമായ കോർത്തിണക്കലും
സവിശേഷതയാകുന്നു.
ചിന്തകളാലും ചിത്രങ്ങളാലും അക്ഷരങ്ങളാലും സംഭാവന നൽകിയ
ഏവർക്കും അഭിനന്ദനങ്ങൾ. കൂടുതൽ സർഗ്ഗാത്മകമായ നേട്ടങ്ങൾക്ക്
ചുക്കാൻ പിടിക്കാൻ അണിയറ ശിൽപികൾക്ക് ഇനിയും സാധിക്കട്ടെ...
നന്മകൾ നേരുന്നു.

ഡോ. ജെസ്സി എൻ സി
ചീഫ് എഡിറ്റർ



പ്രിയരേ,

നമുക്കുചുറ്റും വിവിധ നിറങ്ങളിലുള്ള ജീവിതങ്ങൾ കാണാം. പീതകാലങ്ങൾക്ക്
ഒരു ആമുഖം എന്ന ഈ മാഗസിനിൽ വിവിധ വർണ്ണങ്ങളെ ആസ്പദമാക്കി
വിവിധ വിഷയങ്ങളിൽ ധാരാളം സൃഷ്ടികൾ ഉൾപ്പെടുത്തിയിരിക്കുന്നു.
ഏവർക്കും ഒരു വ്യത്യസ്ത അനുഭവം ഈ മാഗസിൻ നൽകും എന്ന
കാര്യത്തിൽ സംശയമില്ല. ഈ മാഗസിനു പിന്നിൽ അക്ഷീണം പ്രയത്നിച്ച
ഓരോരുത്തരെയും അഭിനന്ദിക്കുന്നു. പുതിയ കാലത്തിന് അനുയോജ്യരായ
അധ്യാപകരായി തീരാൻ ഏവർക്കും സാധിക്കട്ടെ

ജോമോൾ ജോസ്
സ്റ്റാഫ് എഡിറ്റർ

# സ്റ്റുഡൻറ് എഡിറ്റർക്ക് പറയാൻ ...




വർണ്ണാദമായ നിറങ്ങൾക്ക് കാഴ്ചക്കപ്പുറമുള്ള അർത്ഥമുണ്ട്. നിറങ്ങൾ രസങ്ങളെ പ്രതിനിധാനം ചെയ്യുന്നതിന്റെ ചരിത്രത്തിന് നാട്യശാസ്ത്രത്തോളം പഴക്കം. സംഭവങ്ങളോ..പ്രശ്നങ്ങളോ..സാധ്യതകളോ..പ്രതീക്ഷകളോ..ഒക്കെ സൂചിപ്പിക്കുന്നതിന് വാക്കുകളുടെ തീവ്രതയേക്കാൾ നിറത്തിന് ശക്തിയുണ്ട്.

വെട്ടിയും കുത്തിയും തുപ്പൽപ്പാട് വീണും കണ്ണിര് കിനിഞ്ഞിറങ്ങിയും പട്ടടക്കുള്ളിലെ ചാരം തെറിച്ചുവീണു നിറം കെട്ടുപോയ ചുമരിൽ പൊട്ടിയ ഛായ പെൻസിലുകൾ കൊണ്ട് കെട്ട കാലത്തിന്റെ അനീതിക്കെതിരെ പീതകാലങ്ങൾക്ക് ആമുഖം എഴുതുകയാണ്. ഇന്ത്യയുടെ മതേതരത്വം തെരുവിൽ കത്തിയമരുമ്പോൾ, കായിക പാരമ്പര്യത്തിന്റെ അഭിമാനം അധികാരത്തിന്റെ ചങ്ങലകളിൽ വരിഞ്ഞുമുറുകുമ്പോൾ, സ്ത്രീശരീരം കച്ചവടവത്കരിക്കപ്പെടുമ്പോൾ, ട്രാൻസ് മനുഷ്യന്മാർ നിരന്തരം വേട്ടയാടപ്പെടുമ്പോൾ, നവോത്ഥാന മൂല്യങ്ങൾക്ക് മങ്ങലേൽക്കപ്പെടുമ്പോൾ, പ്രകൃതി വീണ്ടും വീണ്ടും ചൂഷണം ചെയ്യപ്പെടുമ്പോൾ, ഒരു നേരത്തെ അന്നത്തിന് വകയില്ലാത്തവന്റെ മുന്നിൽ കോടികൾ ചിലവിട്ട് പ്രതിമകൾ ഉയരുമ്പോൾ ഇനിയും നാം ശബ്ദിക്കാതിരുന്നൂടാ...ഫാസിസത്തിനെതിരെ മൗനം കൊണ്ട് കീഴ്പ്പെട്ടു പോകരുത് നാം.

വെട്ടിവിഴ്ത്തപ്പെട്ട മരത്തിന്റെ കരിഞ്ഞു തുടങ്ങിയ വേരുകളിൽ നിന്ന് പച്ചപ്പ് ചേർത്തു തുടങ്ങാം..പറന്നുപോയ പ്രാവിന്റെ കൊഴിഞ്ഞുവീണ തൂവലിൽ മുക്കി സമാധാനത്തിന്റെ വെള്ള പൂശാം...ലിംഗ പദവികളുടെ അജ്ഞതകൾക്കും മഴവിൽ അറിവ് പകരാം...കായിക താരങ്ങൾക്ക് വിവിധ വർണ്ണങ്ങൾ കൊണ്ട് ഐക്യദാർഢ്യമേകാം...
യുദ്ധമുഖങ്ങളിൽ കറുത്തുപോയ, ചോര വീണു പട്ടുപോയ, കാർമേഘം മൂടിയ മണ്ണിലും മനസ്സിലും പ്രത്യാശയുടെ നീല നമുക്ക് പരത്താം...

എഴുത്തിന്റെ കഴുത്തിൽ കത്തിവയ്ക്കുന്ന കാലത്ത് തുറന്നെഴുത്തുകൾ തന്നെ ഉണ്ടാവണം. വാക്കുകൾ പരാജയപ്പെടുന്നിടത്ത് നിറങ്ങളുടെ അർത്ഥ സാധ്യതകൾ കണ്ടെത്തണം അതിക്രമങ്ങൾക്കെതിരെ ശബ്ദമുയർത്തണം. സമരം ചെയ്യണം ക്യാൻവാസുകൾ തകർത്തെറിയുന്നവരുടെ മുഖത്ത് ജീവിതത്തിന്റെ ചായക്കൂട്ടുകൾ കൊണ്ട് നമുക്ക് ചിത്രം വരയ്ക്കാം..

സ്റ്റുഡൻറ് എഡിറ്റർ
ഐശ്വര്യ പി വി

# ഓർമ്മകൾക്കു മുന്നിൽ കണ്ണീർ പ്രണാമം..



# COLLEGE UNION MEMBERS

# 2022-2023



**SHOLLY JOSEPH K**
(Staff Advisor)



**AISWARYA K**
(Chairperson)



**ANU MARIYA JACOB**
(Vice Chairperson)



**HARIPRASAD N**
(General Secretary)



**SHEETHAL C**
(Joint Secretary)



**JYOTHIS CYRIAC**
(UUC)



**AISWARYA P V**
(Student editor)



**SREETHU BABU**
(Fine Arts Secretary)



**HARIKISHOR K V**
(General Captain)

# CLASS REPRESENTATIVES



**CHRISTY MARIYA JOY**

English (2022-2024)



**HASEEENA P**

Malayalam (2022-2024)



**JOBINA JOSE**

Mathematics (2022-2024)



**SAHALA YASMIN K**

Natural Science (2022-2024)



**CHRISTY PHILP**

Physical Science (2022-2024)



**ANAGHA K**

Social Science (2022-2024)



**KARISHMA SURESH**

English (2021-2023)



**ANAGHA CHANDRAN M**

Malayalam (2021-2023)



**JOYAMOL T BABY**

Mathematics (2021-2023)



**INDUKUMARI U K**

Natural Science (2021-2023)



**ARYA K I**

Physical Science (2021-2023)



**AKSHARA MOL**

Social Science (2021-2023)

# TABLE OF CONTENT


തെറ്റ്......30
മഴവിൽ സമൂഹവും അധ്യാപകരും......31,32
കാടകം......33
അപര നിർമ്മിതിയും വ്യാജനിർമ്മിതിയും മൂന്നാം
തരംതിരിവ് പ്രശ്നങ്ങളും......34
മനുഷ്യനും മനുഷ്യത്തിയും......35
*Global acceptance of the LGBTQ community:*
*A global perspective......36,37*
*Bridge the Gap......39*

പ്രളയം......41,42
മറവി......43
വേർഷൻ അപ്ഡേഷൻ......44
അന്ധവിശ്വാസത്തിലമരുന്ന കേരളം......45
*Forlorn......46*
നഷ്ട വസന്തം......47
വിഷ കല്ലറ......48
മഹാമാരി......49
സ്നേഹവീട്......50,51
അനീതി......52
അന്ധമീ പ്രബുദ്ധ കേരളം......53
*Villain......54*
മഴയിൽ......55

മരണക്കയം......57
കാണാമറയത്തെ അവൾ......58
സീമന്തരേഖ......59
ആദ്യത്തെ കവാടം......60
ആധുനിക കേരളവും ചുവപ്പിന്റെ മാനങ്ങളും......61,62
യുദ്ധം......63
*Tantrum......64*
നരബലി......65
വശ്യസുന്ദരിയായ നീലി......66-70
നിറങ്ങളുടെ കൂട്ടുകാരൻ......71-73

# TABLE OF CONTENT


*Environment*.....77
മണാലി: മോഹിപ്പിക്കുന്ന ഹിമാലയൻ താഴ് വരയിലേക്ക് ഒരു യാത്ര.....78-81
പ്രകൃതി.....82
കാർട്ടൂൺ.....83
കരുതലുള്ള കാവൽക്കാരാകാം.....84,85
ഹരിതം,കർമ്മം,നിയന്ത്രണം.....86,87
*Drawings*.....88-91

പ്രതീക്ഷകളുടെ പ്രതീക്ഷ.....93
*Never giveup*.....94
പ്രതീക്ഷ.....95
*Drawing*.....96
*Silver linings*.....97
*Esperanza*.....99
*Drawings*.....100-101

കൂടപ്പിറപ്പ്.....104
കടലാഴം.....105
മുയൽ കുഞ്ഞ്.....106
നിലാവ്.....107
നിന്നോളം.....108
*White dove is a symbol of Peace and Love*.....109
*Drawing- Love*.....110
മായാത്ത കലാലയ ഓർമ്മകൾ സമാധനമല്ല ഭിന്നതകൾ.....111
സമാധാനമല്ല ഭിന്നതകൾ.....112

ചലച്ചിത്രങ്ങളുടെ കളർ ഗ്രേഡിങ്: ദൃശ്യവത്കരണത്തിനുള്ള.....
ആകർഷകമായ സാങ്കേതികത.....117,118
മെസ്സിയെന്ന ഇതിഹാസം.....119,120
സമകാലിക ഇന്ത്യൻ വിദ്യാഭ്യാസരംഗം:
സാധ്യതകൾ, വെല്ലുവിളികൾ.....121,122
*2001: A Space odyssey*.....123-128
*Chess*.....129
*Soft ball*.....130
*Pather panchali*.....131-135
*Shutter paradise*.....137-141
*Photogallery*.....142-150
*Victory wall of PKM*.....151-158
*Reports*.....159-178



ഏഴു നിറങ്ങളും ചേർന്നു നിൽക്കുമ്പോഴാണ്
മഴവില്ലഴക് പൂർണ്ണമാകുക..
അവ ഓരോന്നും സ്വയം പൂർണ്ണവും.
അജ്ഞതയുടെ നിറം കെട്ട ലോകത്ത്
നിങ്ങൾ തന്നെയാണ് 'മറുപടി'.

# തെറ്റ്

പാലറ്റിലേക്ക് പല നിറങ്ങൾ കോരിയൊഴിച്ച് അവളൊരു കവിതക്കാവശ്യപ്പെട്ടു!
കൈവളകളല്ലാതെ മറ്റൊന്നും കിലുങ്ങാത്തത്
എന്റെയാവേശത്തെ കുതിക്കെടുത്തിയെങ്കിലും...

ആ കുഞ്ഞുവിരലിൽ പച്ചതൊട്ടു ആദിപുരാണം :
ഉള്ളിലെ പച്ച വിളർത്തെങ്കിലും
നമ്മളിത്രയും വളർന്നല്ലോ.

മോതിരവിരലിന്റെ
അറ്റത്തുമങ്ങിയ വെള്ള
മുങ്ങിചത്ത കണ്ണുപോലെ

നടുവിരലുയർത്തിയപ്പോഴേക്കും ഞാൻ മുഖം തിരിച്ചു.
അതെനിക്കുനേരെയാണോ?
കരിഞ്ചോരനിറമാണ്
കല്ലെറിഞ്ഞോടിച്ച കരിമ്പൂച്ചകൾ,
പിന്നിലേക്ക്.... 'പിന്നിലേക്ക്'
തള്ളിയിട്ടവർ .

നിറഞ്ഞ ചൂണ്ടുവിരൽ!
അതിലേറെ ഭയം മറ്റൊന്നിനോടുമില്ല.
ചോന്നതാണത്
അവളുടെ നോട്ടം
ഒച്ചപ്പാടുകൾ, നിലപാടുകൾ
എല്ലാം ചോന്നതാണ്.

എന്നും നീലനിറം 'പറ്റിച്ചു '
നൽകിയ അമ്മവിരൽ
ആകാശം
കടൽ
കണ്ണിലെ കൃഷ്ണമണി
വിശാലമെന്നു പറഞ്ഞുപറ്റിച്ചവ,
വാൻഘോഖിനെ അവൾക്കറിയാഞ്ഞത് നന്നായി.

വരതീർന്നത് ഒരു മഴവില്ലിൽ
തെറ്റ്
പാപം
പാലറ്റു മറിഞ്ഞു വീഴുന്നു..
കടലാസ് കരിയുന്നു...
നിറമുണങ്ങിയ കൈകളിൽ
വളയല്ലാത്തൊരു കിലുക്കവും.



അഞ്ജിത. എ
മലയാളം (2022-24)

# മഴവിൽ സമൂഹവും ; അധ്യാപകരും

പലതരം മനുഷ്യരെ പ്രതിനിധീകരിച്ചുകൊണ്ട്, പലതരം മനുഷ്യർക്ക് വേണ്ടിയാണ് ഈ എഴുത്ത്...

മനുഷ്യരെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടതാണ് അവരവരുടെ ഐഡന്റിറ്റിയിൽ തന്നെ സ്വതന്ത്രമായി ജീവിക്കുക എന്നത്., എന്നാൽ എന്തുകൊണ്ടാണ് ഇന്ത്യ പോലുള്ള ഒരു മഹാരാജ്യത്ത് അഭിമാനത്തോടെ ജീവിക്കാൻ ആഗ്രഹിക്കുന്ന ക്യുയർ സമൂഹങ്ങൾക്ക് വിവേചനങ്ങൾ നേരിടേണ്ടി വരുന്നത്?

എവിടെയാണ് ഇനിയും മാറ്റങ്ങൾ വരേണ്ടത്...

തീർച്ചയായും നമ്മളിലൂടെ തന്നെയാണ്, ഇനിയും വളരേണ്ടതുണ്ട്, സ്ത്രീ - പുരുഷ സങ്കല്പങ്ങളെ കുറിച്ചുള്ള പൊതുബോധങ്ങൾ മാറേണ്ടതുണ്ട്, ട്രാൻസ്ജെൻഡർ മനുഷ്യരെപ്പറ്റി അവബോധം ഉണ്ടാകേണ്ടതുണ്ട്. LGBTQIA+ കമ്മ്യൂണിറ്റിയിൽ ഉൾപ്പെട്ടിട്ടുള്ള മനുഷ്യരെ കുറിച്ച് ഇനിയും ഒരുപാട് കാര്യങ്ങൾ പഠിക്കാനും മനസ്സിലാക്കാനും അറിയാനും ഉണ്ട് അതുകൊണ്ടുതന്നെ അടിസ്ഥാന അവകാശങ്ങൾ പോലും ഇന്നും നിഷേധിക്കപ്പെട്ടിട്ടുള്ള ഈ വിഭാഗത്തെക്കുറിച്ച് ഇനിയും ,ഇനിയും ഉറക്കെ സംസാരിക്കേണ്ടതും ചർച്ച ചെയ്യപ്പെടേണ്ടതും അനിവാര്യമാണ്.

ഒരു കുട്ടി ജനിച്ച ഉടനെ തന്നെ പിങ്ക് കളറിലും ബ്ലൂ കളറിലും റിബ്ബൺ കെട്ടി ആൺ - പെൺ വേർതിരിവുകളും നടത്തി പിന്നീട് അങ്ങോട്ട് വാങ്ങിച്ചു കൊടുക്കുന്ന കളിപ്പാട്ടങ്ങളിലും വസ്ത്രങ്ങളിലും നൽകുന്ന ഉപദേശങ്ങളിൽ പോലും വേർതിരിവുകൾ നടത്തി ഈ സമൂഹം തന്നെ കുട്ടികളെ തളച്ചിടുന്നു, അവിടെ കുട്ടികളുടെ താൽപര്യങ്ങൾക്കോ ഇഷ്ടങ്ങൾക്കോ ഒരുതരത്തിലുള്ള പ്രാധാന്യവും നൽകുന്നില്ല. സ്വന്തം മക്കളെ സമൂഹത്തിന്റെ രീതിയിലുള്ള നല്ല പെൺകുട്ടിയും ആൺകുട്ടിയുമായി വളർത്തുക എന്നതിനപ്പുറം ഈ ജെൻഡർ റോൾസ് നെ ഒക്കെ വലിച്ചെറിഞ്ഞു കൊണ്ട് അവർക്ക് ഇഷ്ടമുള്ള റോളുകൾ കുട്ടികൾ തന്നെ തിരഞ്ഞെടുക്കട്ടെ , ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്യട്ടെ എന്ന് മാതാപിതാക്കളോ അധ്യാപകരോ ആരുതന്നെ ചിന്തിക്കുന്നില്ല എന്നതാണ് വാസ്തവം.

നമ്മുടെ ചുറ്റും പാർശ്വവൽക്കരിക്കപ്പെട്ട ഒരുകൂട്ടം മനുഷ്യർ അനുഭവിക്കുന്ന , ചൂഷണങ്ങൾക്കും വിവേചനങ്ങളെയും എങ്ങനെ ഇല്ലാതാക്കാം എന്നും, ലിംഗനീതി പ്രാവർത്തികമാക്കേണ്ടത് എങ്ങനെയാണെന്നും ഇന്നും ആർക്കും അറിയില്ല ഒരുപക്ഷേ നമ്മുടെ വിദ്യ സമ്പന്നമായ സമൂഹത്തിന് പോലും.... കാലങ്ങൾ ഇനിയും കടന്നു പോകും, ഇനിയും ഇങ്ങനെ തന്നെ മതിയോ.....

LGBTIQA+ മനുഷ്യരെക്കുറിച്ചും നോൺ ബൈനറി അമ്പർലയെക്കുറിച്ചും ഒക്കെ കുട്ടികൾ പഠിക്കണം തീർച്ചയായും ഈ സമൂഹത്തെ മാറ്റിയെടുക്കേണ്ടത് അനിവാര്യമായ കാര്യം തന്നെയാണ്...

ഈ മാറ്റം നമ്മളിൽ നിന്ന് ആരംഭിക്കണം.. ..

ഒരുപക്ഷേ രക്ഷിതാക്കളെക്കാൾ കൂടുതൽ കുട്ടികളുമായി ഇടപഴകുന്നത് അധ്യാപകരാവാം. കുട്ടികളെ തളർത്താനും വളർത്താനും ഒരുപോലെ അധ്യാപകർക്ക് കഴിയും. ആത്മവിശ്വാസം ഇല്ലാതാക്കിയ കളിയാക്കലുകളും പരിഹാസങ്ങളും മാത്രം നൽകിയ ചില അധ്യാപകർ നമ്മുടെയെല്ലാം ചുറ്റും ഉണ്ടായിരുന്നിരിക്കാം. ഇത്തരം അധ്യാപകർ നൽകിയ മോശം അനുഭവങ്ങൾ ഓരോ കുട്ടിയുടെ ജീവിതത്തിലും എത്രത്തോളം മോശമായിട്ടാണ് ബാധിക്കുന്നത് എന്ന് അവർ ആരും ചിന്തിച്ചിട്ടുണ്ടാവില്ല.

ഇന്ന് അധ്യാപകരുടെ രൂപങ്ങളും വേഷങ്ങളും ഭാവങ്ങളും മാറിയെങ്കിലും, കടന്നുവന്ന അതേ പഴഞ്ചൻ സംസാരങ്ങളും രീതികളും വെച്ചുപുലർത്തി, സിലബസുകൾക്ക് അപ്പുറത്തേക്ക് ഒന്നും സംസാരിക്കാതെ അല്ലെങ്കിൽ സംസാരിക്കാൻ ഭയക്കുന്ന അധ്യാപകരെ ഒന്ന് കണ്ണോടിച്ചാൽ നമുക്ക് ചുറ്റും കാണാം.

LGBTQIA+ പൂർണ്ണരൂപം പോലും അറിയാത്ത, ക്യുയർ കമ്മ്യൂണിറ്റിയെക്കുറിച്ച് യാതൊരുതരത്തിലുള്ള അവബോധവും ഇല്ലാത്ത അധ്യാപകർ പഠിപ്പിക്കുന്ന കുട്ടികൾ, പ്രത്യേകിച്ചും ക്യുയർ വിദ്യാർത്ഥികൾ അവർ അനുഭവിക്കുന്ന മാനസിക സംഘർഷം എത്രത്തോളം ഭീകരമായിരിക്കും. ഒരുപക്ഷേ കുഞ്ഞുമനസ്സുകളെ ജീവിതത്തിലുടനീളം തളർത്തി കളയാൻ കഴിയുന്ന തടവറകൾ വരെ ഇത്തരം സംഘർഷങ്ങൾ സമ്മാനിച്ചേക്കാം... ഇതിൽ നിന്നെല്ലാം മാറ്റം വരേണ്ട കാലം അതിക്രമിച്ചു. ഇടുങ്ങിയ ചിന്താഗതിയിൽ നിന്നും പുറത്തു വരാൻ അധ്യാപകർ ശ്രമിച്ചാൽ തന്നെ വലിയൊരു മാറ്റം തന്റെ മുന്നിലിരിക്കുന്ന വിദ്യാർത്ഥികളിൽ കൊണ്ടുവരാൻ സാധിക്കും.

തൻറെ മുന്നിലിരിക്കുന്ന ഒരു വിദ്യാർത്ഥി LGBTQIA+ കമ്മ്യൂണിറ്റിയിൽ ഉൾപ്പെട്ടിട്ടുള്ളത്, ആ കുട്ടിയിലുള്ള യാതൊരു തരത്തിലുള്ള വൈകല്യങ്ങളോ തകരാറുകൾ കൊണ്ടോ അല്ല എന്ന വസ്തുതയാണ് അധ്യാപകർ ആദ്യം മനസ്സിലാക്കേണ്ടത്,, ആ വലിയ പാഠം ഉൾക്കൊണ്ടാൽ തന്നെ വിദ്യാർത്ഥികളെ തിരിച്ചറിയാനും അവരെ മനസ്സിലാക്കാനും പ്രോത്സാഹിപ്പിക്കാനും അധ്യാപകർക്ക് സാധിക്കും. ഇത്തരം ചിന്താഗതിയും കാഴ്ചപ്പാടും മുന്നോട്ടുവയ്ക്കാൻ കഴിയുന്നതു കൂടിയാണ് വിദ്യാഭ്യാസം.

കുട്ടികളെ അവരുടെ ജെൻഡർ ഐഡൻറിറ്റിയുടെ പേരിലോ സെക്ഷ്വാലിറ്റിയുടെ പേരിലോ കളിയാക്കുന്നതും പരിഹസിക്കുന്നതും തീർത്തും മനുഷ്യത്വരഹിതമായ പ്രവർത്തിയാണ്. ഈയൊരു തിരിച്ചറിവ് അധ്യാപകർക്ക് ഉണ്ടായാൽ തന്നെ ഒരു വലിയ മാറ്റം കൊണ്ടുവരാൻ സാധിക്കും. LGBTQIA+ കമ്മ്യൂണിറ്റിയെ കുറിച്ച് സ്വയം അറിയുന്നതിനും കുട്ടികളിലേക്ക് വ്യക്തമായി മനസ്സിലാക്കി കൊടുക്കുന്നതിനും അവരുടെ തെറ്റിദ്ധാരണകൾ ഒഴിവാക്കുന്നതിനും ഒരു അധ്യാപകന് സാധിക്കണം.

സറ്റീരിയോ ടൈപ്പ്ഡ് സമൂഹത്തിൽ വളരുന്നതുകൊണ്ടുതന്നെ ക്യുയർ കുട്ടികളിൽ ഉണ്ടായേക്കാവുന്ന ഡിപ്രഷൻ, ആൻസൈറ്റി, ആത്മഹത്യ പ്രവണത എന്നിവയുടെ എല്ലാം തോത് വളരെ കൂടുതലായിരിക്കാം, അതുകൊണ്ടുതന്നെ നമ്മുടെ വിദ്യാലയങ്ങളിൽ കൗൺസിലർ, തെറാപ്പിസ്റ്റ് സേവനങ്ങൾ കൊണ്ടുവരണം. ഇവയെല്ലാം തന്നെ തീർത്തും സാധാരണ കാര്യങ്ങളാണ് എന്ന തിരിച്ചറിവ് വളർത്തിയെടുക്കേണ്ടതും ഉണ്ട്.

അധ്യാപകർ അറിഞ്ഞോ അറിയാതെയോ ഉപയോഗിക്കുന്ന മോശപ്പെട്ട വാക്കുകളും പ്രയോഗങ്ങളും ഒഴിവാക്കേണ്ട കാലം കടന്നുപോയി, ഇന്നും ഇത്തരം കാര്യങ്ങളിൽ തമാശ കണ്ടെത്തുന്നവർ അധ്യാപകരായി തുടരുന്നതിൽ അർത്ഥമില്ല., ക്ലാസ് മുറികളിലെ ചർച്ചകളിലും കഥകളും പാഠപുസ്തകങ്ങളും ക്യുയർ സൗഹൃദപരമായ രീതിയിൽ ആവണം. സർക്കാരും കരിക്കുലം ഡിസൈനേഴ്സും ഇത്തരം കാര്യങ്ങൾ കരിക്കുലത്തിൽ ഉൾപ്പെടുത്തണോ, വേണ്ടയോ എന്ന് ചിന്തിച്ചു തുടങ്ങിയിട്ടേയുള്ളൂ. ....

കുട്ടികളുടെ മാനസികാരോഗ്യത്തിന് കൂടി പ്രാധാന്യം നൽകുന്ന അധ്യാപകരായി മാറാൻ കഴിയണം. അധ്യാപക യോഗ്യതകളും ആയി പടിയിറങ്ങുന്ന നമ്മളിൽ ഓരോരുത്തരിലും ഈ തിരിച്ചറിവുകൾ ഉണ്ടാവുകയും അത് കൂടുതൽ മനോഹരമായ ലോകം കുട്ടികൾക്ക് നൽകുകയും ചെയ്യും എന്ന് തന്നെ നമുക്ക് പ്രത്യാശിക്കാം. ..

നമ്മൾ ആഗ്രഹിച്ചു മാറ്റം നമ്മളിലൂടെ തന്നെയാവട്ടെ.



ആദിത്യ രാജ്
സോഷ്യൽ സയൻസ് (2022-24)

# കാടകം

അവൾ ഒരു കരിമ്പച്ച കാടായിരുന്നു
ചിലപ്പോഴൊക്കെ ഇളംപച്ച നിറത്തിൽ തളിർത്തു
നിണമണിഞ്ഞവൾ പൂത്തു കായ്ച്ചപ്പോഴും
പച്ച തിങ്ങി നിറഞ്ഞ ചോപ്പ്
വള്ളിപ്പടർപ്പുകളായി ആലിംഗനം ചെയ്തു.
എനിക്ക് നീയെന്നും
നിനക്ക് ഞാനെന്നും
ചുംബിക്കുന്ന കുഞ്ഞു പൂക്കളിൽ
എന്നും നിറഞ്ഞ പച്ചപ്പ്.
അകലേന്ന് നോക്കുന്നവർക്ക്
കറുപ്പിനിടയിലേക്ക് വന്നു വീണ വെളുത്ത കുത്തു പോലെ
അവളുടെ കരിമ്പച്ച കാടിനുള്ളിൽ
ഒരിക്കലും വാടാതെ നിന്ന വെളുത്ത പൂവ്.
മഴ പെയ്ത കാലങ്ങളിൽ നിറവാർന്നു നിൽക്കുകയോ
വരണ്ട വേനലിൽ അവൾ കൊഴിയുകയോ ചെയ്തില്ല.
അവൾ നേരങ്ങളിൽ ചിലപ്പോൾ ഇളംപച്ചയായും
പച്ച തിങ്ങി നിറഞ്ഞ ചോപ്പായും
തളിർക്കുകയും പൂക്കുകയും മാത്രം ചെയ്തു.
കരിമ്പച്ചക്കാടിനുള്ളിൽ വിടർന്നു നിന്ന വെളുത്ത പൂവ് അറിഞ്ഞ നിമിഷം
വൻ മരങ്ങളും, കുറ്റിചെടികളും, വള്ളിപ്പടർപ്പുകളും
തിങ്ങി നിറഞ്ഞ കരിമ്പച്ചക്കാടായ് ഞാൻ മാറി....



ഐശ്വര്യ. കെ
മലയാളം (2022-24)

# അപര നിർമ്മിതിയും വ്യാജനിർമ്മിതിയും മൂന്നാം തരംതിരിവ് പ്രശ്നങ്ങളും

അപര നിർമ്മിതി ഉണ്ടാവുന്നത് എപ്പോഴാണ് എന്ന് ചിന്തിക്കേണ്ടുന്ന ഒരു വസ്തുതയാണ്. ഒരു യാഥാർത്ഥ്യം ഉണ്ടായിരിക്കേ ,യഥാർത്ഥ വ്യക്തി എന്നത് ഉണ്ടായിരിക്കേ അതിനെ മറികടന്ന് നിർമ്മിക്കുന്നതെന്തും വ്യാജമാണ്.അത് വസ്തുതകളാവാം വസ്തുക്കളാവാം ഏത് വിധവും അത് അപരത്വമാണ്. അതൊരു നിർമ്മിതിയാണ് ഒന്നിനെ അത് വ്യാജമായി നിർമ്മിക്കുന്നു. അപര നിർമ്മിതി എല്ലാ ഘട്ടങ്ങളിലും തെറ്റാണെന്നല്ല മറിച്ച് അത് യാഥാർത്ഥ്യത്തെ മാറ്റുമ്പോൾ സമൂഹത്തിന്റെ നിർമ്മിത പൊതു ബോധത്തിന് എതിരാണെന്ന് പറഞ്ഞ് അതിനെ തെറ്റായി വ്യാഖ്യാനം ചെയ്യുകയോ പാർശ്വവൽക്കരണം നടത്തുകയോ ചെയ്യുമ്പോൾ അത് അനീതി തന്നെയായി തീരും. പൊതുബോധത്തിന് അനുവർത്തിക്കാനാകുന്നത്, ചെയ്യാനാവുന്നത് അവർ ചെയ്യട്ടെ എങ്കിലും അത് അപരന്റെ അസ്തിത്വത്തെ ചോദ്യം ചെയ്യുന്ന വിധമോ അപരന്റെ പ്രഖ്യാപനങ്ങളെ തടയുന്ന വിധമോ, പരിഗണിക്കപ്പെടാതെ പോവുന്നതോ നീതിക്ക് നിരക്കാത്തതാണ്.

ലിംഭേദം കൽപ്പിക്കുമ്പോൾ നാം അടയാളപ്പെടുത്തുന്ന സംജ്ഞയാണ് മൂന്നാം ലിംഗം എന്നത്. അടിസ്ഥാന രഹിതവും അങ്ങേയറ്റം അരോചകവുമായ പ്രഖ്യാപനമാണത്. അടിക്കണക്ക് പറഞ്ഞ് അകറ്റി നിർത്തിയവരുടെ കണക്ക് പോലെ മൂന്നാം ലിംഗം എന്ന സംജ്ഞ നിൽക്കുന്നു , അത് അബോധപൂർണമായ തരം തിരിവാണെന്നും അത് ഊന്നുന്നത് അരാഷ്ട്രീയപരമായതാണെന്നും പറയാനാവില്ല ഒരു പാർശ്വവൽകൃത ജനതയാണ് ഇതര ലിംഗക്കാരെന്നിരിക്കേ. മൂന്നാം ലിംഗം എന്ന് അടയാളപ്പെടുത്തുമ്പോൾ തന്നെ അതിന്റെ അർത്ഥം ഒന്നും രണ്ടും സ്ഥാനം കൽപ്പിക്കപ്പെട്ട ഒരു വിഭാഗമുണ്ടെന്നും ഇത് മൂന്നാം തരക്കാരാണെന്നുമാണ്. ഇത് വെറുമൊരു വാക്ക് മാത്രമല്ല ഒരു പ്രശ്നം തന്നെയാണ്. L,G,B,R,T,Q...etc. ഇങ്ങനെ നീണ്ടുപോവുന്ന നിരകൾ ഉണ്ട് ഇതും പരിഗണിക്കപ്പെടേണ്ടതാണ്. സ്വത്വവിഭാഗങ്ങളായവരെ കൂടി ഉൾപ്പെടുത്തുകയും അംഗീകരിക്കുകയും അധികാരം,രാഷ്ട്ര വിഭാവനത്തിലെ പങ്ക്.

പൊതു പരിഗണന തുടങ്ങി സർവ്വതിലും ലിംഗനില ഉൾപ്പെടുത്തി ആത്മാഭിമാനത്തോടെയും,സ്വതന്ത്ര സ്വത്വ പ്രഖ്യാപനം നടത്താനും രാഷ്ട്രീയ-സാമൂഹിക സാഹചര്യം ഒരുക്കേണ്ടത് അത്യാവശ്യമാണ്.അവിടെയാണ് തരം തിരിവുകൾ ഇല്ലാതാവുന്നതും അപര നിർമ്മിതി എന്ന് പറയാവുന്ന വ്യാജം ഇല്ലാതാവുന്നതും.പരിഗണന എന്നു കൂടി അതിനെ പറയരുത്,അനുവധിച്ചു കൊടുക്കലെന്നും ആവരുത് അത് സാമാന്യമായ ഒന്നെന്ന നിലയിൽ തന്നെ കരുതേണ്ടുന്ന ഒന്നാണ്.

യഥാർത്ഥത്തിൽ എന്താണ് പ്രശ്നമെന്നോ അതിന് വേണ്ട നടപടി ഏത് സ്വീകരിക്കണമെന്നോ തീരുമാനിക്കപ്പെട്ടിട്ടില്ല എന്നതാണ് വസ്തുത.അത് അത്രമാത്രമൊന്നും പരിഗണിക്കപ്പെടാതെ പോവുന്നു എന്നതിന്റെ തെളിവാണ് ഇതൊക്കെ.

വിക്ടോറിയൻ കാലഘട്ടത്തിലെ മുറിപ്പെട്ട ഓർമ്മയായി ജയിലിൽ നരകം തിന്നുമരിച്ച സ്വവർഗ്ഗാനുരാഗിയായ ഒരു കവിയുണ്ടായിരുന്നു.കൂർത്ത ചണനാരുകൾ മനപ്പൂർവ്വം കൊടുത്തു ഓരോ നാരു തുന്നുമ്പോഴും കൈയിൽ നിന്ന് ചോരപൊടിഞ്ഞു,നനഞ്ഞ മേൽക്കൂരയില്ലാത്ത കൂരയ്ക്കു താഴെ കഴിഞ്ഞ് ജയിൽ വാസത്തിനുശേഷം മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ച ഓസ്കാർ വൈൽഡ് നൂറ്റാണ്ടുകൾക്ക് എത്രയോ മുന്നേ.തിരുത്തപ്പെടേണ്ടതായെന്തോ ശേഷിക്കുന്നുണ്ട് ? എന്തോ എന്നത് മനപ്പൂർവ്വമായ സംശയം മാത്രം. ആരുടെ എന്ന് ?അതവശേഷിപ്പിക്കണം അത് ആരോട് ചോദിക്കണം.അതും അവശേഷിപ്പിക്കണം.



Jishnu T P
Malayalam (2021-23)



# മനുഷ്യനും മനുഷ്യത്തിയും

"മനുഷ്യനും മനുഷ്യത്തിയും."
"മനുഷ്യത്തി? അതെന്താ അങ്ങനെ?"
"എനിക്ക് നിന്നെ ഇഷ്ടമുള്ള പേര് വിളിച്ചുകൂടെ?"
"അങ്ങനെയോ! ഇഷ്ടത്തിനു രണ്ടു പേരുകളില്ലേ! ഒന്ന്
മുറിക്കുന്നതെന്തിനാ?"
"പേരുകൾ രണ്ടെണ്ണം ആകണമെന്ന് നീ ഇങ്ങനെ
നിർബന്ധം
പിടിക്കുന്നതെന്തിനാ?"
"ഉം ശെരി. എന്റെ കൈയിൽ പിടിക്കൂ. നമുക്ക് ദൂരേക്ക്
നോക്കി
നടക്കാം."
അവർ മുൻപോട്ടു നടന്നു. തിരമാല കാണാൻ
എത്തിയവർ ആകട്ടെ,
അവരെ തുറിച്ചു നോക്കിക്കൊണ്ടിരുന്നു.



ARYA K I
PHYSICAL SCIENCE (2021-2023)





# *"Global Acceptance of the LGBTQ community: A Global Perspective"*

The stance of LGBTQ (Lesbian, Gay, Bisexual, Transgender, Queer/Questioning) individuals and their rights varies greatly around the world. In some countries, such as the United States and many countries in Western Europe, LGBTQ individuals have made significant progress towards gaining legal recognition and protection in recent years. However, in many other countries, LGBTQ individuals face discrimination, persecution, and violence and do not have legal protection against hate crimes or discrimination.

One of the major problems faced by the LGBTQ community globally is the lack of legal recognition of same-sex relationships, which can prevent LGBTQ individuals from accessing the same rights and benefits as their heterosexual counterparts. Other issues faced by the LGBTQ community include hate crimes, violence, bullying, and employment discrimination. Additionally, many LGBTQ individuals face prejudice and stigma within their own communities, families, and cultures, leading to a lack of acceptance and social isolation.

The LGBTQ community In India faces many challenges, including societal discrimination and lack of legal recognition. The Indian Penal Code still criminalizes homosexuality, and although the Supreme court of India struck down the law in 2018, discrimination and violence against the LGBTQ community continue to be widespread.

There is also a lack of access to healthcare and education for LGBTQ individuals, and employment discrimination is common. The LGBTQ community in India continues to fight for equality and acceptance, with advocacy groups and activists pushing for legal and social reforms. However, progress has been slow, and many members of the LGBTQ community still face challenges on a daily basis.



Acceptance of the LGBTQ+ community globally is complex, and there is no one-size-fits-all solution. However, here are some approaches that can help promote the acceptance and inclusivity of the LGBTQ+ community:

1. Education and Awareness: Education and awareness are key to promoting acceptance of the LGBTQ+ community. Governments, schools, and organizations can play a vital role in raising awareness and educating people about the LGBTQ+ community. This can include promoting LGBTQ+ history, language, and culture and providing resources for people to learn about the issues facing the LGBTQ+ community.

2. Legal Protection: Governments can also significantly promote LGBTQ+ acceptance by providing legal protection to the community. This can include laws that protect against discrimination in housing, employment, and public accommodations, as well as laws that provide legal recognition for same-sex relationships.

3. Advocacy and Activism: Advocacy and activism by the LGBTQ+ community and its allies are also crucial to promoting acceptance. This can include lobbying for changes in laws, organizing protests and rallies, and speaking out against discrimination and harassment.

4. Media Representation: Representation of the LGBTQ+ community in media, including TV shows, movies, and advertisements, can also play a role in promoting acceptance. Positive and accurate representations of the LGBTQ+ community can help to break down stereotypes and promote understanding.

5. Cultural and Religious Acceptance: Cultural and religious attitudes towards the LGBTQ+ community can also impact acceptance. Promoting intercultural and interfaith dialogue and understanding can help to bridge divides and promote acceptance.

Overall, promoting acceptance of the LGBTQ+ community requires a multifaceted approach that includes education, legal protection, advocacy, media representation, and cultural and religious acceptance.



**BLESSY JOY**
**NATURAL SCIENCE (2022-24)**

WE SAY NO TO

~~RACISM~~

~~SEXISM~~

~~HOMOPHOBIA~~

WE SAY YES TO

LOVE

ACCEPTANCE

EQUALITY

PRIDE!

# "BRIDGE THE GAP"





DEVIKA K K
ENGLISH (2022-24)



ദുസ്വപ്നം പോലെ ഇരുട്ടുമൂടിയവരുടെ
കിനാവുറഞ്ഞ കറുത്ത മണ്ണിൽ ചവിട്ടിയാണ്
യാത്ര തുടരേണ്ടത്,
ഇരുട്ടിനപ്പുറമുള്ള വെളിച്ചത്തെ കൊണ്ടുവന്ന്
എനിക്ക്,
ജീവിച്ചിരിക്കുന്നവരുടെ സ്വപ്നങ്ങൾക്ക് കൂട്ടിരിക്കണം.

# പ്രളയം

മഴയുടെ ആരവത്തിൽ ശക്തിയോടെ എന്തോ നിലം പതിക്കുന്ന ശബ്ദം കേട്ടാണ് വൃദ്ധൻ ഉണർന്നത്. ഇരുട്ടിലേക്ക് തുറന്നുവച്ച മിഴികളോടെ അയാൾ കിതച്ചു. അപ്പോൾ മനസ്സിൽ നിന്നാരോ മൃദുവായി തോണ്ടി. എന്നിട്ട് ചിരിച്ചു. "എൻറെ വിഡ്ഢിയായ വൃദ്ധാ... പുറത്ത് മഴയുമില്ല, ഒന്നും നിലം പതിച്ചിട്ടുമില്ല. എല്ലാം നിന്റെ തോന്നൽ ...തോന്നൽ മാത്രം! ഈയിടെയായി നിന്നെ ഭരിച്ചുകൊണ്ടിരിക്കുന്ന നിരവധി തോന്നലുകളിൽ ഒന്ന്.

തോന്നൽ...!

അല്ല തോന്നലല്ല. ഇപ്പോൾ വൃദ്ധൻ ഒരു തുരുത്തിലാണ്. ചുറ്റും കടിച്ചു തിന്നാൻ പാകത്തിൽ ഹിംസ്രജന്തുക്കൾ ഗർജിക്കുന്നു. അവ ഏതുനിമിഷവും തന്നെ കടിച്ചു കീറും. വൃദ്ധൻ ഒന്ന് ഞെട്ടാൻ പോലും അശക്തനായിരുന്നു. ധമനികളിൽ കുത്തിയൊലിക്കുന്ന ഭയത്തിന്റെ ലാവയുടെ ചുട്ടുപൊള്ളൽ അയാളറിഞ്ഞു. പേടിപ്പെടുത്തുന്ന കനവുകളുടെ കവാടങ്ങൾ ഓരോന്നും താണ്ടി അയാൾ പിന്നോട്ട് പിന്നോട്ട് നടന്നു. ഇപ്പോൾ വൃദ്ധൻ എത്തിനിൽക്കുന്നത് ഒരു ചെറിയ ജനക്കൂട്ടത്തിന് നടുവിലാണ്. വൃദ്ധന്റെ മനസ്സപ്പോൾ യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളാൻ തയ്യാറെടുക്കുകയായിരുന്നു. പതിഞ്ഞൊരു സ്വരം കേട്ടു. "ഇതാണ് ഇന്നത്തെ സ്ഥിതി" അയാളപ്പോൾ സ്വപ്നങ്ങളുടെ ലോകത്തായിരുന്നില്ല. തോന്നലുകളുടെ ലോകത്തുമായിരുന്നില്ല. യാഥാർത്ഥ്യത്തിന്റെ ലോകത്തുള്ള പടിക്കെട്ടുകൾ ഇറങ്ങി അവിടെയെത്തിയപ്പോൾ അയാൾ കണ്ട കാഴ്ച ഭയാനകമായിരുന്നു. രക്തം വാർന്നൊലിക്കുന്ന കുറേ മനുഷ്യരൂപങ്ങൾ..! കൈവിട്ടു പോയവരെ തിരയുന്നവർ...

വൃദ്ധന്റെ സിരകളിൽ അഗ്നി പടർന്നു. മനസ്സിൽ കൊടുങ്കാറ്റിന്റെ ആരവം മുഴങ്ങി. കൂട്ടത്തിൽ ആരൊക്കെയാണ്? അലങ്കോലപ്പെട്ട മനസ്സോടെ ഒരു സ്വപ്ന കാഴ്ച പോലെ ആൾക്കൂട്ടത്തിൽ ആ മുഖങ്ങളെ തപ്പിയെടുക്കാൻ വൃദ്ധൻ ശ്രമിച്ചു

വ്യക്തമല്ല

അവർക്ക് മുഖങ്ങളില്ല രൂപങ്ങളില്ല. രൂപങ്ങളില്ലാത്ത മുഖങ്ങളില്ലാത്ത അവർ ആരാണെന്ന് വൃദ്ധനറിയില്ല.
പക്ഷേ വൃദ്ധനൊന്നറിയാം.

താനിപ്പോൾ നിൽക്കുന്നത് പ്രതിക്കൂട്ടിലാണ്. എല്ലാ നോട്ടങ്ങളും തറയ്ക്കുന്നത് എന്റെ മുഖത്താണ്. ഒരു കുറ്റവാളിയെ പോലെ വിധി കേട്ട് ശിക്ഷയേറ്റു വാങ്ങാൻ തയ്യാറായി നിൽക്കുന്നവൻ വൃദ്ധൻ – 'മനുഷ്യൻ'

സ്വയം മറന്ന് ജീവിക്കുകയായിരുന്നു. നേട്ടങ്ങൾ വെട്ടിപ്പിടിക്കുകയായിരുന്നു. ഇപ്പോൾ തോന്നുന്നു എന്തിനുവേണ്ടിയായിരുന്നു. ആർക്കുവേണ്ടിയായിരുന്നു.

എന്നിട്ടിപ്പോൾ...

വൃദ്ധൻ തെല്ലൊരു തമാശയോടെ ചിന്തിച്ചു. കുറെ വ്യാധികൾ, തോന്നലുകൾ, കോഴിക്കുഞ്ഞുങ്ങൾ, പരുന്തുകൾ...!

ആയിരം ശബ്ദങ്ങൾ ചേർന്ന ശബ്ദം. പ്രളയത്തിൽ നിന്ന് വൃദ്ധനാ ശബ്ദം വേർതിരിച്ചെടുക്കാൻ കഴിഞ്ഞില്ല.

വൃദ്ധൻ ഇപ്പോൾ തോന്നലുകളുടെ പടവുകൾ ഓരോന്നും കൊഴിച്ചുകൊണ്ട് യാഥാർത്ഥ്യത്തിന്റെ ലോകത്തെത്തി നിൽക്കുകയാണ്. എനിയും പിടിച്ചുനിൽക്കുക അസാധ്യമാണ്.

പ്രളയം... മനുഷ്യന്റെ കീഴടങ്ങലാണ്. കീഴടങ്ങുകയെന്നാൽ പരാജയപ്പെടുക എന്നർത്ഥം.

പേടിപ്പെടുത്തുന്ന യാഥാർത്ഥ്യങ്ങൾ അനവധിയാണ്. അവ വൃദ്ധന് ചുറ്റും താണ്ഡവനൃത്തമാടി.ഇപ്പോൾ വൃദ്ധൻ പടിക്കെട്ടുകളിറങ്ങുകയാണ്. സ്വപ്നങ്ങളിൽ നിന്നും സങ്കൽപ്പനങ്ങളിൽ നിന്നും യാഥാർത്ഥ്യത്തിലേക്ക്..., വർത്തമാന യാഥാർത്ഥ്യങ്ങളുടെ പ്രളയത്തിലേക്ക്....



**ഹസീന സി എം**
**മലയാളം (2022-2024)**

# മറവി

തുരുമ്പിച്ച  പെട്ടിയിൽ
പഴകി പിന്നിയ
ശേഷിപ്പുകളിലാണ്
ഞാൻ നിന്നെ
ഒളിപ്പിച്ചു വച്ചത്
ചിലപ്പോഴൊക്കെ
പരതി നോക്കാറുണ്ട്
കീറി പിന്നിയ ഓർമ്മകളെ
അപ്പോഴാണ്
ഊഷരമായ ചിന്തകളിലേക്ക്
തണുത്ത ഋതുക്കളായി
നീ വരാറുള്ളത്
മഞ്ഞണിഞ്ഞ
നിലാവസന്തങ്ങളിലും
ഹരിത നീരാളങ്ങളിൽ
മഴവില്ലു ചാലിച്ച
വിസ്മയവിഭാതങ്ങളിലും,
നിറച്ചാർത്തുകളിൽ
നീരാടിയ കിനാവുകളിലും,
പൂമ്പാറ്റച്ചിറകുമുളച്ച
നാളുകൾ
ഗതി മാറിയ ഒഴുക്കിൽ
നീരെടുത്ത ഓർമ്മകളുടെ
മൺതിട്ടകൾ,
കുത്തിയൊലിച്ചു പോയ
കിനാവിന്റെ കുടിലുകൾ .
മറക്കാതെ മറന്ന പലതും
ചുടു നീറ്റലായി
ഉന്നങ്ങാമുറിവുകളായി
ചിലതൊക്കെ ഇന്നും
ഓർമ്മകളായി...





*Chaithanya C K*
*Mathematics (2022-2024)*



# വേർഷൻ അപ്ഡേഷൻ

ചിലന്തി വല പോലെ നൂർന്നു കിടക്കുന്ന

ആഗോള ഭാഷയായ

'ഇന്റർനെറ്റ് ' തൻ വാതായനങ്ങളിൽ

മുഴുകി കിടന്നു 'മാൽവെയ്റുകൾ'

തുപ്പുന്ന ലോകമേ..

'അപ്ഡേറ്റ്' ആവുക നീ തലച്ചോറിൽ

നിറഞ്ഞു കിടക്കുന്ന 'ബഗുകൾ'

പരിഹരിക്കാൻ



**Akshay Sukumaran**
**Physical Science (2022-24)**

# അന്ധവിശ്വാസത്തിലമരുന്ന കേരളം

കേരളം, സാക്ഷരതയിലും ശാസ്ത്രീയ ചിന്തയിലും എന്നും തലയെടുപ്പോടെ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനം. ശാസ്ത്രമേഖലയിലും സാങ്കേതികമേഖലയിലും അനുദിനം കേരളം കൈവരിക്കുന്ന നേട്ടങ്ങൾ അന്താരാഷ്ട്രതലത്തിൽ അനുമോദനാർഹവും അത്യന്തം അഭിമാനകരവുമാണ്.

എന്നാൽ, ഒരിക്കൽ കേരളീയ നവോത്ഥാനത്തിന് പുതിയ ചലനങ്ങൾ സൃഷ്ടിച്ച സ്വാമി വിവേകാനന്ദൻ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അതിന്റെ മൂർധന്യതയിൽ നിലനിന്നിരുന്ന കേരളത്തിന്റെ അവസ്ഥ കണ്ട് കേരളത്തെ ഒരു ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ചിരുന്നു. അതിനുശേഷം നവോത്ഥാനത്തിന്റെ അലകൾ കേരളത്തിലങ്ങോളമിങ്ങോളം ശക്തമായിത്തന്നെ ആഞ്ഞടിച്ചു. അതിന്റെ ഫലമായി അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കേരളീയ സമൂഹത്തിൽ നിന്നും പരമാവധി തുടച്ചുനീക്കാൻ നമുക്ക് സാധിച്ചു. ഇന്ന് പലകാര്യങ്ങളിലും പശ്ചാത്യലോകത്തിനൊപ്പം തന്നെ മുന്നേറാനും നിരവധി നേട്ടങ്ങൾ കൈവരിക്കാനും നമുക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ, സ്വാമി വിവേകാനന്ദന്റെ വാക്കുകളെ അർത്ഥവത്താക്കുന്ന തരത്തിലുള്ള സംഭവവികാസങ്ങളാണ് ഇന്ന് നമ്മുടെ കേരളത്തിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നത്.

ഭസ്മവും മന്ത്രച്ചരടും ഉറുക്കും വഴി മന്ത്രവാദം നടത്തി ജീവിക്കുന്ന ആൾദൈവങ്ങൾ നമ്മുടെ സമൂഹത്തിലേക്ക് നിരനിരയായി കടന്നുവരാൻ തുടങ്ങി. ഐശ്വര്യലബ്ദിക്കും ഫലപ്രാപ്തിക്കുമായി മന്ത്രവാദത്തെയും ആഭിചാരക്രിയകളെയും ആശ്രയിക്കുന്നവരുടെ എണ്ണം കൂടിവന്നു. ഒരു കാലത്ത് സമൂഹത്തിൽ നിന്നും ആട്ടിയകറ്റിയ മനുഷ്യമനസ്സാക്ഷിയെ മരവിപ്പിക്കുന്ന നരബലി പോലെയുള്ള പല അനാചാരങ്ങളും ആഭിചാരക്രിയകളും തിരിച്ചുവരാൻ തുടങ്ങി. ഉദ്ദിഷ്ടഫലപ്രാപ്തിക്കായി മാന്ത്രിക ഏലസ്സുകൾ, ധനാകർഷണ യന്ത്രം, വലംപിരി ശംഖ്, ഭാഗ്യനക്ഷത്ര കല്ലുകൾ തുടങ്ങിയ ഒട്ടേറെ കപടവസ്തുക്കൾ ഇന്ന് വിപണിയിലും മാധ്യമങ്ങളിലും സ്ഥാനം പിടിച്ചു തുടങ്ങിയിട്ടുണ്ട്. കൂടാതെ വാസ്തു, ജാതകദോഷം എന്നിങ്ങനെ യുക്തിസഹമല്ലാത്തതും ശാസ്ത്രവിരുദ്ധവുമായ അനേകം ചെറുതും വലുതുമായ വിശ്വാസങ്ങൾ ജനങ്ങൾക്കിടയിൽ ഇന്ന് പ്രചാരത്തിലുണ്ട്.

ഇത്തരത്തിൽ ആധുനിക സമൂഹത്തിൽ അന്ധവിശ്വാസത്തിന്റെയും അനാചാരത്തിന്റെയും മാറാപ്പുമായി വലിയൊരു ജനവിഭാഗം ഇന്നും നിലനിൽക്കുന്നുണ്ടെന്ന വസ്തുത വളരെ ഞെട്ടലോടെയും ലജ്ജയോടെയും മാത്രമേ നമുക്ക് ഉൾകൊള്ളാൻ സാധിക്കുകയുള്ളൂ . അഭ്യസ്ത വിദ്യരാലും സാങ്കേതിക വിദഗ്ധരാലും നിറഞ്ഞ ഈ സാക്ഷരകേരളത്തിൽ അന്ധവിശ്വാസം മനുഷ്യമനസ്സുകളിൽ എത്രത്തോളം അന്ധത നിറയ്ക്കുന്നു എന്നതാണ് ഇത്തരം സംഭവങ്ങൾ നമ്മളോട് വിളിച്ചോതുന്നത്. സാമൂഹ്യപുരോഗതിയിലും സാക്ഷരതയിലും രാജ്യത്തിനു മാതൃകയായ കേരളത്തിൽ ഒരിക്കലും നടക്കാൻ പാടില്ലാത്ത ഇത്തരം പ്രവൃത്തികൾ ശാസ്ത്രബോധത്തിന്റെയും യുക്തിചിന്തയുടെയും കാര്യത്തിൽ മുന്നിട്ട് നിൽക്കുന്ന കേരളത്തിന്റെ ദാരുണാവസ്ഥയിലേക്ക് വിരൽ ചൂണ്ടുന്നു.

നമ്മുടെ കേരളീയ സമൂഹം ഇത്രയും പുരോഗതി കൈവരിച്ചു എന്ന് അവകാശവാദമുന്നയിക്കുമ്പോഴും അതിന്റെ മറുപുറം എത്ര ഭയാനകമാണെന്ന് നമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഈ ദുരവസ്ഥയിൽ നിന്നും നമ്മുടെ കേരളത്തെ കൈപിടിച്ചുയർത്താൻ നമ്മൾ യുവതലമുറ ഒറ്റക്കെട്ടായി മുന്നോട്ട് വരേണ്ടത് വളരെ അനിവാര്യമാണ്. ശാസ്ത്രീയ ചിന്തകൾ വളർത്തിയെടുക്കാനും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലായ്മ ചെയ്യാനും ശക്തമായ പ്രസ്ഥാനങ്ങൾ ഇനിയും ഉയരേണ്ടിയിരിക്കുന്നു.



***Akhila V***
***Mathematics (2022-24)***

# FORLORN

Wrath of the chagrined,

Incurred by the inattentive.

The valorous knocks at deaths door

While the feeble mourn in seclusion.

Let my prayers soothe the crippled.



HARIKISHOR.K.V
MATHEMATICS (2022-2024)

# നഷ്ടവസന്തം

ഋതുക്കളിൽ എനിക്കേറ്റവും പ്രിയം
വസന്തത്തോടായിരുന്നു.
നിറവർണ്ണങ്ങളും  ദലമർമ്മരങ്ങളും
ഇളം മന്ദമാരുതനും സുഗന്ധങ്ങളും
പേറിയ വസന്തം
എന്നാൽ
ശിശിരത്തിലെ കോച്ചിവലിക്കുന്ന തണുപ്പോ അതോ
വർഷകാലത്തിലെ അലറുന്ന മഴയോ, ഗ്രീഷ്മത്തിലെ
പുകയുന്ന താപമോ വരവറിയിക്കാതെ
വന്നതെന്നരികിൽ
നിശീഥിനികളെ ,
ഉറങ്ങാത്ത മുറിവുകളിൽ താലോടുന്ന
ശരത്കാലസന്ധ്യകളെ,
ഇന്നീ ഇലപൊഴിയും ഹേമന്തങ്ങളിൽ
ഒന്നുകൂടോർക്കട്ടെ ഞാനാ-
നഷ്ടവസന്തങ്ങളെ ....!



ഹസീന സി എം
മലയാളം (2022-2024)

# വിഷക്കല്ലറ

ശുദ്ധ വായുവിനെ നീ ഉള്ളിലേക്ക് തരുമ്പോഴും
അശുദ്ധമായിട്ടാണല്ലോ എന്നിലേക്കത് വന്നുചേരുന്നത്
ചുവന്ന് തുടുത്ത എന്റെ ഈ ശരീരം നിന്റെ
പുകയാൽ മറക്കപ്പെടുന്നു.
എനിക്ക് ഇഷ്ടമില്ലാതിരുന്നിട്ടും ഒരു
പുതപ്പ് നീ സമ്മാനമായി തന്നു പക്ഷേ
അത് എന്നെയടക്കാനുള്ള ശവക്കല്ലറയാണ്.
കറപ്പിടിച്ച എന്റെ ശരീരത്തിൽ നിനക്ക്
ഇനിയും സ്ഥാനമില്ല എന്നറിഞ്ഞിട്ടും വീണ്ടും വീണ്ടും
എന്നിലേക്ക് വിഷം ഇറക്കിവെക്കുന്നു
എന്റെ ഉറ്റ ചങ്ങാതിക്ക് അല്പം
ശുദ്ധവായു കൊടുക്കുവാൻ കഴിയുന്നില്ലല്ലോ!
അവൻ എന്നിൽ നിന്നെടുക്കുന്നതെല്ലാം വിഷമാണ്
എന്നിലൂടെ ഒഴുകുന്നത് വിഷമാണ്
ഇനിയും എത്രനാളേക്ക് എന്നറിയില്ല
ഒരപേക്ഷ മാത്രം കുറച്ച് ശുദ്ധവായു
വിഷം കലരാത്ത ശുദ്ധവായു......
നീ എനിക്ക് സമ്മാനിച്ചേക്കണം
ഇനിയും കാണാത്ത ലോകം ഒന്നൂടെ
ആസ്വദിക്കാൻ............



Snehadas D S
Mathematics (2022-24)

# മഹാമാരി

കടൽകടന്നു  വന്നൊരാൾ
കപട വേഷധാരിയായ്
കൊറോണയെന്ന മാരിയെ
ചുമലിലേറ്റി വന്നയാൾ
രോഗവിവരം രഹസ്യമാക്കി
ആയിരങ്ങളെ ഭീതിയിലാക്കി
വൈറസിനൊപ്പം നാടുചുറ്റി
നാടുനടുക്കി കൊന്നുമുടിച്ചിട്ടു
നാട്ടാരെയൊന്നാകെ നാലു -
ചുവരുകൾക്കുള്ളിൽ തളച്ചിട്ടു
കൂട്ടിലടച്ച കിളികളെപോൽ
കൂട്ടം വെടിഞ്ഞു വീട്ടിലൊതുങ്ങി
നീളേ പരക്കുന്നൊരീ
മഹാമാരി പാടെ മാറുവാൻ
പ്രയത്നിച്ചിടാം പ്രത്യാശയോടൊരുമയിൽ
നല്ല നാളെകൾ പുലർന്നീടുവാൻ ...



Angagha K
Social Science (2022-24)

# സ്നേഹവീട്

സന്തോഷത്തിനൊരു മുഖമുണ്ടെങ്കിൽ അതാ വീടാണെന്ന് നമുക്ക് തോന്നിപ്പോകും. കലഹങ്ങളൊഴിഞ്ഞ, കളിചിരികളുടെ അലയൊലികൾ മുഴങ്ങുന്ന സ്നേഹവീട്. അയൽപക്കകാർ തെല്ലൊരു അസൂയയോടെയാണ് ആ വീടിനെ നോക്കികണ്ടിരുന്നത്.ഇപ്പോഴാ വീട്ടുകാർ പുതിയൊരു അതിഥിയെക്കൂടി വരവേൽക്കാനുള്ള കാത്തിരിപ്പിലാണ്. മുൻപ് ഇതുപോലായിരുന്നില്ല ആ വീടെന്ന് പലർക്കും അറിയില്ല. വീട്ടുകാരെ വെറുപ്പിച്ച് ഇഷ്ടമുള്ളയാളെ ജീവിതപങ്കാളിയാക്കിയതിനു നാട്ടുകാരും വീട്ടുകാരും അവരെ ഒറ്റപ്പെടുത്തിയ കാലമുണ്ടായിരുന്നു. അനേകായിരം കോടി ജനങ്ങളുള്ള ലോകത്ത് തീർത്തും ഒറ്റപ്പെട്ട രണ്ട് ഗ്രഹങ്ങളെ പോലുള്ള ജീവിതം. പക്ഷെ കാലം എല്ലാ വെറുപ്പിനെയും മായിച്ചുകളയും. മൂത്ത കുട്ടി മാളുവാണ് മുറിഞ്ഞു പോയ ബന്ധങ്ങളെ വീണ്ടും ഇണക്കിച്ചേർത്തത്. ഇപ്പോൾ രണ്ടാമത്തെ കണ്മണിയെ കാത്തിരിക്കുന്നത് അവരെല്ലാരുമാണ്. പ്രതീക്ഷയുടെ ഒൻപതു മാസങ്ങൾ പിന്നിട്ടിരിക്കുന്നു.

അമ്മയുടെ നിലവിളി കേട്ടാണ് മുറ്റത്തു കളിച്ചു കൊണ്ടിരുന്ന മാളു അങ്ങോട്ട് ഓടിയെത്തിയത്. അമ്മമ്മ തൊട്ടടുത്തു തന്നെ ഉണ്ട്. എന്തിനാണ് അമ്മായിങ്ങനെ കരയുന്നതെന്ന് രണ്ടാം ക്ലാസുകാരിയായ അവൾക്ക് മനസ്സിലായില്ല. കരയുന്ന അമ്മയെ സമാധാനിപ്പിക്കാൻ അവൾ കിണഞ്ഞു പരിശ്രമിക്കുകയാണ്. കുറച്ചു നേരത്തിനുള്ളിൽ അച്ഛനും അച്ചാച്ചനും ഓടിപ്പാഞ്ഞെത്തി. അത്യാവശ്യ സാധനങ്ങൾ എടുത്ത് എല്ലാവരും വണ്ടിയിൽ കയറി. എല്ലാം കണ്ട് ആകെ ഭയപ്പെട്ടു നിന്ന മാളുവിന്റെ കാതിൽ അമ്മമ്മ പറഞ്ഞു അവൾ കാത്തിരുന്ന അവളുടെ കുഞ്ഞാവ ജനിക്കാൻ പോവുകയാണെന്ന്. ആയിരം പൂത്തിരികൾ കത്തിയ പോലൊരു ചിരി അവളുടെ മുഖത്തു വിരിഞ്ഞു.പിന്നീടങ്ങോട്ട് കുഞ്ഞാവയ്ക്കൊപ്പമുള്ള നിമിഷങ്ങൾ മാത്രമായി ചിന്തകളിൽ. എത്ര കാലമായി അവൾ കാത്തിരിക്കുന്നു . ഇന്നങ്ങനെ ആ ദിവസം വന്നെത്തിയിരിക്കുകയാണ്. ഓർക്കുന്തോറും ഉള്ളിൽ സന്തോഷം അലയടിക്കുകയാണ്.പെട്ടെന്ന് കേട്ടൊരു അലർച്ച അവളെ ചിന്തകളിൽ നിന്നുണർത്തി. അമ്മയാണെന്നാണ് കരുതിയത്.

പക്ഷെ ചുറ്റും ഉയർന്നു പൊങ്ങിയ പുകമൂടലിനിടയിൽ ആരുടേയും മുഖം വ്യക്തമാവുന്നുണ്ടായിരുന്നില്ല.എവിടുന്നോ ഒരു കനൽക്കാറ്റ് വീശിയത് പോലെ മാളുവിനു തോന്നി. കാതിലാകെ നിലവിളിയൊച്ചകൾ മാത്രം. എന്തെങ്കിലും മനസ്സിലാകുന്നതിനു മുൻപ് ആരോ അവളെ കാറിന് പുറത്തേക്കെത്തിച്ചു. നോക്കിയപ്പോൾ അമ്മമ്മയാണ്. എന്താണ് സംഭവിച്ചതെന്ന് അപ്പോഴാണ് മാളുവിനു മനസ്സിലായത്. തങ്ങൾ വന്ന കാറു നിന്നു കത്തുകയാണ്. പെട്ടെന്ന് അവളുടെ കണ്ണുകൾ അമ്മയെയും അച്ഛനെയും തിരഞ്ഞു. തൊട്ടടുത്തു നിൽക്കുന്ന അമ്മമ്മയെയും അച്ചാച്ചനെയും പിന്നെ കുറേ അപരിചിത മുഖങ്ങളും മാത്രമേ അവൾക്കു കാണാൻ സാധിച്ചുള്ളൂ. പെട്ടെന്ന് മനസ്സിലുയർന്ന ഒരു ചിന്ത അവളുടെ നെഞ്ചിനെ കൊതിപ്പറിക്കുന്നതായി അവൾക്കു തോന്നി. ഒന്നുറക്കെ കരയാൻ ശബ്ദം ഉയരാതെ അവൾ പ്രയാസപ്പെട്ടു. കാറിനടുത്തേക്ക് ഓടിയടുത്ത് അമ്മയെയും അച്ഛനെയും രക്ഷിക്കണമെന്ന് അവൾക്ക് തോന്നി. പക്ഷെ കാലുകൾ ചലിക്കുന്നുണ്ടായിരുന്നില്ല. തനിക്കു മുൻപിൽ ഉയർന്നു പൊങ്ങിയ തീഗോളത്തിന് മുൻപിൽ നിസ്സഹായതയോടെ അവൾ നിന്നു.ചുറ്റുമുയർന്ന നിലവികൾ അവളുടെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു.പിന്നെ പതിയെ പതിയെ ശബ്ദങ്ങൾ നിലയ്ക്കുന്നതായി അവൾക്ക് തോന്നി.മുന്നിലെ കാഴ്ചകൾ മെല്ലെ മെല്ലെ അന്തരീക്ഷത്തിൽ അലിഞ്ഞില്ലാതായി. കണ്ണു തുറന്നപ്പോൾ അവളുടെ കൈകളിൽ മുറുകെ പിടിച്ചുറങ്ങുന്ന ഒരു കുഞ്ഞുമാലാഖ. ചുറ്റിനും ചിരിച്ചു കൊണ്ട് നിൽക്കുന്ന അമ്മയും അച്ഛനും.



Sheethal C
Natural Science (2022-24)

# അനീതി

കോരി ചൊരിയുന്ന മഴയത്ത് നനഞ്ഞു കുതിർന്നെത്തുന്ന നന്ദു എന്നും ക്ലാസ്സിലെ ചർച്ച വിഷയമായിരുന്നു. കുന്നും കാടും ഇറങ്ങി സ്കൂളിലേക്ക് എത്തുക എന്നത് സാഹസം തന്നെയായിരുന്നു. പലപ്പോഴും സഹപാഠികളുടെ പരിഹാസത്തിന് അവൻ ഇരയായി. കുന്നിറങ്ങി വന്നാലും സ്കൂളിലേക്ക് ഇനിയും ഏറെ ദൂരമുണ്ട്. ഒരു സൈക്കിൾ ഉണ്ടായിരുന്നെങ്കിൽ കുറച്ചു കൂടി സഹായമാകുമായിരുന്നു. ഒരു പാട് തവണ അച്ഛനോട് പറഞ്ഞതാണ്, അത് പറയുമ്പോഴൊക്കെ അച്ഛന്റെ കണ്ണു നിറയുന്നത് അവൻ ശ്രദ്ധിച്ചു. വീട്ടിലെ അവസ്ഥ അവന് നന്നായി അറിയുന്നതാണ്. ഒരിക്കലും സാധിക്കുകയില്ല എന്നറിഞ്ഞിട്ടും സ്വയം ആശ്വാസത്തിനെന്ന പോലെ ഓരോ ആവശ്യങ്ങൾ അച്ഛനെ അറിയിക്കും. എന്നാൽ അച്ഛന്റെ സങ്കടം കാണുമ്പോൾ അവന്റെ ചങ്ക് പിടയ്ക്കും. പഠിച്ചു മിടുക്കനായി അച്ഛന്റേം അമ്മയുടെയും കുഞ്ഞനുജത്തി മാളുവിന്റെയുമൊക്കെ ആഗ്രഹങ്ങൾ നിറവേറ്റാനുള്ള തിടുക്കത്തിലാണ് നന്ദു. അവന് കിട്ടുന്ന ഓരോ സമ്മാനവും അച്ഛനെ ഏറെ സന്തോഷിപ്പിക്കും. ഇന്ന് ജില്ലാതല ചിത്ര രചന മത്സരത്തിന്റെ ഫലം വരുന്ന ദിവസമാണ്. നന്ദുന് ഏറെ പ്രതീക്ഷയുണ്ട് അവന് സമ്മാനം ലഭിക്കുമെന്ന്. അവന്റെ പ്രതീക്ഷ തെറ്റിയില്ല രണ്ടാം സ്ഥാനം അവനു തന്നെയായിരുന്നു. അടുത്ത ദിവസം സമ്മാനദാനമാണ് വീട്ടുകാരെയും സ്കൂളിലേക്ക് ക്ഷണിച്ചിട്ടുണ്ട്. ഏറെ സന്തോഷത്തോടെയാണ് അവൻ വീട്ടിലേക് നടന്നത് ഇന്ന് മഴയ്ക്ക് ശക്തി കൂടുതലാണ്, കുത്തൊഴുക്കു കാരണം നടക്കാൻ പോലും കഴിയാത്ത അവസ്ഥ. പെട്ടെന്നാണ് ഭീകരമായ ഒരു ശബ്ദം അവൻ കേട്ടത്. എന്താണെന്ന് മനസിലാവാതെ അവൻ ഭയന്നിരുന്നു. അതിനു പിന്നാലെ ആളുകളെല്ലാം എങ്ങോട്ടെന്നില്ലാതെ ഓടുന്നു. അവനും അവർക്ക് പിന്നാലെ ഓടി.ആൾക്കാരുടെ സംസാരത്തിൽ നിന്ന് മലയിൽ ഉരുൾ പൊട്ടിയതായി അവന് മനസിലായി.വീട്ടിലേക്കുള്ള വഴികൾ മരങ്ങളും ചെളിയുമായി അടഞ്ഞിരിക്കുന്നു. ഏറെ സാഹസപെട്ട് അവൻ അവിടെ എത്തിയപ്പോഴേക്കും അവന്റെ ആ കൊച്ചു വീട് അവിടെയുണ്ടായിരുന്നില്ല. അച്ഛനും അമ്മയും മാളുവും മണ്ണിനടിയിലാണ്. ആരൊക്കെയോ അവരെ പുറത്തെടുക്കാനുള്ള ശ്രമത്തിലാണ്.കുന്നിടിച്ചതാണ് ഉരുൾ പൊട്ടാൻ കാരണമെന്ന് കൂടിയിരുന്നവർ പറയുന്നത് അവൻ ശ്രദ്ധിച്ചു. കാടു കയറി വരുന്നവർ കുന്നിടിക്കാനാണെന്ന് അന്നേ അച്ഛൻ പറഞ്ഞതാണ്. അന്ന് പറയാനും പ്രതികരിക്കിക്കാനും അച്ഛൻ മാത്രമേ ഉണ്ടായിരുന്നുള്ളു, ഇനി പറഞ്ഞിട്ടെന്തു കാര്യം. എല്ലാംനഷ്ടപ്പെട്ടത് അവനു മാത്രമാണ്.ആരുടെയോ സ്വാർത്ഥ താല്പര്യത്തിനു വേണ്ടി കാടിനെ ഇല്ലാതാക്കിയപ്പോൾ, എല്ലാം നഷ്ടപ്പെട്ടത് കാടിനെ സ്നേഹിച്ചവർക്ക് മാത്രം.നീതി ചെയ്യുന്നവർക്കെതിരെയായിരുന്നു കാടിന്റെ അനീതി....



*Anju M J*
*Natural Science (2022-24)*

# അന്ധമീ പ്രബുദ്ധ കേരളം

“വിദ്യാഹീനരായ അന്ധവിശ്വാസികളെക്കാൾ സമൂഹത്തിന് അപകടം വിദ്യസമ്പന്നരായ അന്ധവിശ്വാസികളാണെന്ന” ജവഹർലാൽ നെഹ്റുവിന്റെ വാക്കുകൾ ചർച്ച ചെയ്യേണ്ടി വരുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. സാക്ഷരതാനിരക്കിൽ മുൻനിരയിൽ എന്ന് കേരളം കൊട്ടിഘോഷിക്കുമ്പോഴും പീഡനങ്ങളിലും മനുഷ്യനിഷേധത്തിലും സ്വാർത്ഥതയിലും അന്ധവിശ്വാസങ്ങളിലും തങ്ങൾ മുൻ നിരയിലാണെന്ന് കൂടി ഓർക്കേണ്ടിയിരിക്കുന്നു. കേരളം വിദ്യാസമ്പരുടെതാണ് വിവേചന ബുദ്ധിയും പ്രതികരണ ശേഷിയുണ്ടെന്നു തട്ടിവിടുമ്പോഴും ഈയടുത്തു നടന്ന ഇലന്തൂർ കൊലപാതകം വരെ നമ്മെ ലജ്ജിപ്പിക്കുന്നു. ഇത് പുറത്തറിഞ്ഞത്, ഇങ്ങനെ എത്രയെത്ര കൊലപാതകങ്ങൾ ,ആക്രമണങ്ങൾ നമ്മൾ അറിയാതെ പോകുന്നു.

വിശ്വാസങ്ങൾ എങ്ങനെയാണ് അന്ധവിശ്വാസങ്ങൾ ആയി മാറിയതെന്ന് നമ്മൾ ചിന്തിക്കേണ്ട വസ്തുത തന്നെയാണ് അന്ധമായി ഒരുകാര്യത്തെ എന്നു വിശ്വസിച്ചു പോന്നോ അന്നു മുതൽ അവ അന്ധവിശ്വാസങ്ങളായി. നിമിത്തങ്ങളിലും ശകുനങ്ങളിലും തുടങ്ങുന്നു. നമ്മുടെ അന്ധവിശ്വാസങ്ങളുടെ ആരംഭം പൂച്ച കുറുകെ ചാടുന്നതും പല്ലി ഉച്ചിയിൽ വീഴുന്നതും എന്തിന് അങ്ങ് ഭ്രമണ പഥത്തിൽ സ്ഥിതി ചെയ്യുന്ന ചൊവ്വയെ വരെ സാക്ഷര കേരളം പേടിയോടെ കാണുന്നു എന്നതാണ് സത്യം. ഇവിടെ ഒരു ചോദ്യമുയരാം ഇവയൊന്നും മറ്റുള്ളവർക്ക് ദോക്ഷമാകുകയിലല്ലോ എന്നത്. ഇവിടെയാണ് തുടക്കമെന്നു പറഞ്ഞു വെക്കുകയാണ്. ഇവയാണ് വളർന്നു വരുന്നത് എന്ന സത്യം മനസ്സിലാക്കുക. വിശ്വാസം നല്ലതാണ് അതു മതപരമായും മറ്റു എന്തുമായാലും അത് ഒരോരുത്തരുടെയും സ്വാതന്ത്ര്യമാണ്. അത് കൊണ്ടാണല്ലോ ചില മാനുഷിക മൂല്യങ്ങളും ആക്രമണങ്ങളും നരഹത്യകളും ഒരു പരിധി വരെ ഇല്ലാതാവുന്നത്. എന്നാൽ ഒന്നിനെ കണ്ണുമടച്ചു വിശ്വസിക്കുന്നത് നമ്മുടെ ബുദ്ധിയില്ലായ്മയെ കാണിക്കുന്നു. അതിനു ഉത്തമ ഉദാഹരണമാണ് ഓരോ ദിവസത്തെ പത്രവാർത്തകളും . മനുഷ്യന്റെ ഏറ്റവും വലിയ കഴിവാണ് വിവേചന ബുദ്ധി . ശരിയേത് തെറ്റേത് എന്നു തിരിച്ചറിയുകയും തള്ളേണ്ടവയെ തള്ളുകയും കൊള്ളേണ്ടവ കൊള്ളുകയും ചെയ്യേണ്ട വിവേചനം നമുക്കുണ്ടാകണം.

കണ്ണുവേണം ഇരുപ്പുറമെപ്പോഴും

കണ്ണു വേണം മുകളും താഴെയും

കണ്ണിലെപ്പോഴും കത്തിജ്വലിക്കുന്നൊരുൾ

കണ്ണു വേണം അണയാത്ത കണ്ണ്

എന്ന കടമ്മനിട്ടയുടെ വരികൾ മനുഷ്യൻ തന്റെ കണ്ണ് തുറന്ന് പ്രവർത്തിക്കാൻ ഉദ്ബോദിപ്പിക്കുന്നു. അന്ധവിശ്വാസങ്ങളുടെ പേരിൽ മനുഷ്യനെ ബലി കൊടുക്കുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. ജനങ്ങളാരും സാക്ഷരരല്ലായിരുന്ന നിമിത്തവും ശകുനവുമെല്ലാം നോക്കി ജീവിച്ചിരുന്ന ഒരു നൂറാണ്ടിലാണത്. എന്നാൽ ഇന്ന് സമൂഹം ഏറെ അഭിവൃദ്ധി പ്രാപിച്ചെന്ന് ഊറ്റം കൊള്ളുമ്പോഴും നരബലികൾ പോലുള്ള പൈശാചിക പ്രവർത്തനങ്ങൾ നമ്മെ ഒന്നുകൂടി പിന്തിപ്പിക്കും. ഇത്രയും നാൾ നമ്മൾ നേടിയതൊക്കെ എവിടെ ? സ്വന്തം ജീവനു നമ്മൾ നൽകുന്ന വില മറ്റൊരുവന്റെ ജീവനും നൽകേണ്ടതല്ലയോ ? നമ്മളിലെ മനുഷ്യത്വം വികാരങ്ങൾ എവിടെ പോയി തുടങ്ങി ഒരുപാടു ചോദ്യങ്ങൾ അപ്പോ ളുയരും. അണക്കെട്ടിനു ബലം കിട്ടാൻ നരബലി തെരെഞ്ഞടുത്ത ആദിവാസി യുവതിയെ അവസരോചിതമായ ഇടപെടൽ കൊണ്ട് രക്ഷപ്പെടുത്തി അതേ അണക്കെട്ട് അവളെ കൊണ്ട് ഉദ്ഘാടനം ചെയ്യിപ്പിച്ച നെഹ്റുവിന്റെ പിൻ തലമുറക്കാർ . അദ്ധേഹം ഇന്ന് ജീവി രുന്നുവെങ്കിൽ നെഞ്ചു തകർന്നേനെ . എവിടെയോ കൈമോശം വന്ന നമ്മുടെ വിവേച ശക്തിയെ രാകി മിനുക്കുക അത്യാവശ്യമാണ്. സ്വാർത്ഥത നിറഞ്ഞ ലോകത്ത് കഴുകൻ കണ്ണുകൾ നമുക്കു ചുറ്റും വട്ടമിട്ടു പറക്കുകയാണ്.



ജോമോൾ കെ ജെ
മലയാളം (2022-2024)

# VILLAIN

As age progressed, I believed I would have developed a better understanding of the world around me. However, I now spend my days and nights stretching into the deserts of oblivion feeling trapped within the overpowering thoughts of people who doesn't have a clue of my being.

Today you risk leaving me standing alone to my own weapons, as it has edges that can end up in crisis. Every moment passes with my voice howling in my throat, with you interpreting it as the easy drawl of my mouth.

Yeah, I know I would win the voting to the crazy villain and earn a crown in front of the crowd who are exhausted rooting for the daunting devil. There are times I feel everybody is free from flaws and I'm the lone, dark, lurking shadow scheming nasty plots of manipulation and strategic murder.

I fervently wish to strip down the black fortress of confirmity.
I desperately yearn to make the hell freeze.
Bleed my dark grey soul into the blue waves of free will.
Soar into a new dawn.
Away and beyond.



*Karishma suresh*
*English(2021-23)*

# മഴയിൽ

ആർത്തു പെയ്യും മഴയിൽ

നിൻ കപട മുഖം

കാണാൻ മറന്നുപോയി ഞാൻ

നിറമാർന്ന വാക്കുകൾ കൊണ്ട്

നീ എന്നെ അലങ്കരിക്കുമ്പോൾ അറിഞ്ഞിരുന്നില്ല നിറമറ്റ

വർണ്ണങ്ങളാണ് നീ ചൂടിക്കുന്നതെന്ന് ആഴങ്ങൾ തേടി ഞാൻ യാത്രയായപ്പോൾ

നിൻ പ്രഹരങ്ങൾ എന്നേ തളർത്തിയില്ല. പറന്നുയരാൻ പുതിയ ആകാശം

ഒരുക്കുകയായിരുന്നു.

വീണ്ടുമാ മഴയിൽ എത്തുന്ന നേരം വലിച്ചുകീറും നിൻ ചിരിയാണിഞ്ഞ

ക്രൂരനെ ...,



അലീന ജെയിംസ്
മലയാളം (2022-24)



അപരന്റെ ചോരയിൽ ചവിട്ടി
എന്തെങ്കിലും നേടാമെന്ന,
ഒടുക്കത്തെ വിശ്വാസത്തിന്റെ
കഴുത്തു നോക്കി വെട്ടാൻ
തൂലിക പടവാളാക്കണം

# മരണക്കയം

ചുടുചോരയൂറ്റി കുടുക്കുവാൻ വെമ്പുന്ന
ചെന്നായ വർഗ്ഗങ്ങളാണിന്നു ചുറ്റിലും..
അന്ധവിശ്വാസക്കിണറ്റിൽ പതുങ്ങുന്ന
കൂപമണ്ഡൂകങ്ങൾ ഏറുന്നു നാട്ടിലും!
വിശ്വാസത്തിന്റെ മറവിൽ, ആഭിചാരത്തിലൂന്നി..
അബലയാം പെണ്ണിനെ ചൂണ്ടയിലേറ്റിയോർ..
മാമല നാട്ടിന്റെ നന്മയെ വിറ്റ്
ചാക്കിലാക്കി പടിയിറക്കി വിട്ടവർ..
പെരുകുന്നു നാൾക്കുനാൾ, മർത്യന്റെ ചേതന
മരവിച്ചുപോം വിധം ദുരൂഹമാം കൃത്യങ്ങൾ.
മൃഗീയമായേറും രതിവൈകൃതങ്ങൾക്ക്,
പാത്രമാക്കാൻ ദിനം കെണിയൊരുക്കീടുന്നു !
ആട്ടിൻ തോലിട്ട മനുഷ്യ ചെന്നായ്ക്കൾ,
ആനന്ദ ലഹരിയിൽ മുറവിളി കൂട്ടുന്നു..
കൊണ്ടും കൊടുത്തും അറപ്പു മാറിയോൻ, കത്തി-
മുനയാൽ അവൾ തൻ ശിരസ്സു ഛേദിക്കുന്നു.
ചുടുരക്തമൂറുന്ന മാംസത്തെ വേവിച്ച്
ചട്ടിയിൽ ചുട്ടു തിന്നുന്ന ക്രൂരന്മാർ..
ചോര മണക്കുന്ന കാണാക്കയങ്ങളിൽ,
ശിരസ്സറ്റു വീഴുന്ന വിലയില്ലാ ജീവിതം.



*Aiswarya P V*
*Natural science(2022-24)*

# കാണാമറയത്തെ അവൾ

അവസാനം അവൾക്ക് ബാക്കിയുണ്ടായിരുന്നത് ഒറ്റപ്പെടൽ മാത്രം. ആർക്കും അറിയാത്ത ആരോടും പറയാത്ത ഒരു രഹസ്യം ഉണ്ടായിരുന്നു അവൾക്ക്.ഒരു നിമിഷം കൊണ്ട് പൊലിഞ്ഞുപോയ സ്വപ്നം. ആർത്തുവിളിച്ചും നെഞ്ചത്തടിച്ചു കരഞ്ഞവർക്കും ഇതുവരെ അത് അറിയുമായിരുന്നില്ല. ഹൃദയത്തിനു കുത്തേറ്റ് അവൻ എന്നെന്നേക്കുമായി ഈ ലോകത്തോട് വിടവാങ്ങിയപ്പോൾ തകർന്നത് അവന്റെ ഹൃദയമായിരുന്നില്ല,അവളുടേതായിരുന്നു. ഓർമ്മിക്കാൻ നല്ല നിമിഷങ്ങൾ മാത്രം നൽകിക്കൊണ്ട് ആകാശത്തിലെ അപ്പൂപ്പൻതാടി അന്വേഷിച്ചു പോയവൻ. ദിവസവും കണ്ടിരുന്ന സ്ഥലങ്ങൾ പോലും അവൾക്കപരിചിതമായി തോന്നി.ചുറ്റും തന്റെ പ്രിയതമന്റെ ചിത്രശകലങ്ങൾ നിറഞ്ഞിരിക്കുന്നു. അവനുവേണ്ടി ഉയരുന്ന സങ്കട പ്രകടനങ്ങൾ, അനുസ്മരണയോഗങ്ങളൊക്കെ അവളുടെ കവിളിനെ ഈറനണിയിച്ചു.

മരിക്കുന്നതിനു തൊട്ടുമുമ്പ് അവന്റെ കണ്ണുകൾ ക്യാമ്പസിന് ചുറ്റും പാഞ്ഞു. അവസാനമായി അവളെ കാണുവാനുള്ള വ്യഗ്രതയായിരുന്നു അത്. സമൂഹത്തിലെ ചില കക്ഷികളുടെ നീതി രഹിതമായ പ്രവർത്തികളോട് പ്രതികരിച്ചതിന് അവനു കൊടുക്കേണ്ടി വന്നത് അവന്റെ ജീവിതം തന്നെയായിരുന്നു.ജീവന്റെ ജീവനായ പ്രാണസഖിയെയും നെഞ്ചത്തോടു ചേർത്ത ക്യാമ്പസ് രാഷ്ട്രത്തോടും വിടവാങ്ങി അൽപ്പായുസ്സ് വരിക്കേണ്ടിവന്നവൻ.തന്റെ പ്രിയപ്പെട്ടവന്റെ വിധിയറിഞ്ഞ് അവിടേക്ക് ഓടിയെത്തിയപ്പോൾ അവൾ വളരെ താമസിച്ചിരുന്നു. അവന്റെ ശിരസ് മടുത്തട്ടിൽ വച്ചുകൊണ്ട് അവൾ പൊട്ടി കരഞ്ഞു.

ആർത്തലച്ചു വരുന്ന തിരമാല കണക്കെ വാവിട്ടു കൊണ്ട് സമൂഹത്തോടായി അവൾ ചോദിച്ചു. ആർക്കുവേണ്ടി, എന്തിനുവേണ്ടി, എന്തു നേടിയെന്ന്....



അനഘ പി. കെ.
മലയാളം (2022-24)



# സീമന്തരേഖ

നെറ്റിയിൽ സീമന്തരേഖ തൊട്ട്
ആരതി ഉഴിഞ്ഞു വരവേൽക്കുന്ന നാളിൽ
മനസ്സിൽ കിനാവുകളേറെ യായിരുന്നു,
മുറ്റത്തെ മുല്ലപ്പൂവിൻ സുഗന്ധം പോലെ
എൻ മനസ്സത്രയും ഉന്മാദത്തിലാനന്ദം കൊള്ളുകയായിരുന്നു,
സ്വന്തം വീട്ടിൽ നിന്നും പറിച്ചു നടുമ്പോഴും ഉള്ളിൽ പ്രതീക്ഷയുടെ പുതുജീവിതം
തുടിക്കുന്നുണ്ടായിരുന്നു,
നവവധുവിന്റെ തീഷ്ണതയും കണ്ണുകളിലെ തിളക്കവും മനസ്സിന്റെ ആഹ്ലാദവും
എന്നിൽ അപ്പോഴും മായാതെ കിടന്നു.
എന്നാൽ ഇന്ന്..
സ്വയമൊന്ന് കണ്ണാടിയിൽ നോക്കുമ്പോൾ വികൃതമായ ഒരു രൂപം
മുഖമൊക്കെ ചുളിവുകൾ വന്ന് കവിളൊട്ടി, കണ്ണുകൾ വിളറി വെളുത്ത്, ചുണ്ടുകൾ
പൊട്ടിയുണങ്ങി, എണ്ണമയമില്ലാതെ പാറിക്കളിക്കുന്ന വെളുത്ത മുടിയിഴകൾ മാത്രം
ബാക്കി.
നെറ്റിയിലെ സീമന്തരേഖയ്ക്ക് മാത്രം മാറ്റമില്ല,
അതു കാണുമ്പോൾ ഒരിരമ്പൽ ഒരു തേങ്ങൽ ഇന്നും മനസ്സിൽ ഇരച്ചു കയറുന്നു.
തന്നെ കൂട്ടിലാക്കിയ രേഖ
തന്റെ ചിറകുകളരിഞ്ഞ രേഖ
തന്നെ വികൃതമാക്കിയ രേഖ
സ്വപ്നങ്ങൾക്കും ആഗ്രഹങ്ങൾക്കും പ്രതീക്ഷകൾക്കും വിലങ്ങിട്ട രേഖ
ഒരൊറ്റരേഖ..



**രേഷ്മ**
**മലയാളം (2022-24)**

# ആദ്യത്തെ കവാടം

ഇന്നലെ അവൻ നടന്ന ആ വഴിയിലൂടെ
മറ്റൊരാൾ കൂടി നടന്നു പോയിരിക്കുന്നു.
അവൻ കണ്ട കാഴ്ചകൾ തന്നെയായിരുന്നു
വഴിയരികിലെല്ലാം അയാളും കണ്ടത്.
പക്ഷെ ഇരുവരുടെയും ഭ്രമണ പഥങ്ങൾ
വ്യത്യസ്തമായിരുന്നു ഇരുവരും നടന്ന
ആ വഴി മൂന്നാമതൊരാൾക്ക് സാധ്യമല്ലാതായി
ആ വഴി ഉരുളൻ കല്ലുകളാൽ അടച്ചിരുന്നു
ചിന്തകളിൽ വിജനമായ മസ്തിഷ്കവും
മസ്തിഷ്കമാൽ ഉറഞ്ഞുതുള്ളുന്ന പേശിയും
ആ ഉരുളൻ കല്ലുകളെ പൊടിമണ്ണാക്കി മാറ്റി.
മൂന്നാമൻ നടന്ന വഴിയരികിൽ
ഒരു കിണറും വെള്ളം കോരുന്ന
സ്ത്രീയും മുലപ്പാൽ കുടിക്കുന്ന കുഞ്ഞും ഉണ്ടായിരുന്നു, അടുത്തതായി അവൻ കണ്ട
കാഴ്ച ഒരുവൻ പേനയും കടലാസുമായി
ഒരു കരിങ്കല്ലിൽ മുകളിരുന്നു വിദൂരതയിലേക്ക്
കണ്ണുംനട്ടിരിക്കുന്നതായിരുന്നു, ആ വരണ്ട
പ്രദേശത്തിനടുത്തെത്തിയപ്പോൾ
അവൻ കണ്ടത് മരതകകല്ലുകളാൽ പാകിയ
സിംഹാസനത്തിൽ ഒരുവൻ ഒറ്റയ്ക്ക് ഇരിക്കുന്നതായിരുന്നു.
അടുത്ത കാഴ്ച വളരെ ലളിതവും കണ്ണുകളിൽ ആശ്വാസമേൽപ്പിക്കുന്നതുമായിരുന്നു.
പൂർണ നഗ്നനായ ഒന്നാമന്റെ കയ്യിൽ
രണ്ടാമന്റെ തല ചിരിച്ചു കൊണ്ട് ഇളംകാറ്റിൽ തൂങ്ങി ആടുന്നതായിരുന്നു.



അഖിൽ സി. കെ
മലയാളം (2022-24)



# ആധുനിക കേരളവും ചുവപ്പിന്റെ മാനങ്ങളും

രക്തം വീഴാത്ത നാളുകൾ സ്വപ്നം കണ്ടു കൊണ്ടാണ് ചോപ്പ് കലർന്ന നാൾവഴികൾ താണ്ടി കേരളക്കര മുന്നോട്ട് തന്നെ നീങ്ങിയത്. സ്വതന്ത്രാനന്തര ഇന്ത്യയുടെ 75- ആം വാർഷികം ആഘോഷിക്കുന്ന വേളയിൽ, ചങ്ങലകളിയാത്ത നയങ്ങൾക്കെതിരെ നടക്കുന്ന രാജ്യവ്യാപക പ്രതിഷേധങ്ങൾക്കുകൂടി ഇന്ത്യ സാക്ഷ്യം വഹിക്കുകയാണ്. മാറ്റേണ്ട നിയമങ്ങൾക്കും തിരുത്തേണ്ട നയങ്ങൾക്കും ലഭിക്കേണ്ട അവകാശങ്ങൾക്കും ഭാരത പൗരൻമാർ ഉണർന്നു പ്രവർത്തിച്ചിട്ടുണ്ട്. കണ്ണു തുറക്കാത്ത നീതിപീഠങ്ങൾക്കുനേരെയും നീതി നടപ്പാക്കാത്ത നീതിന്യായ വ്യവസ്ഥയോടും ഇന്നും കലഹിച്ചുകൊണ്ടിരിക്കുന്നു. ആവശ്യങ്ങൾക്കുവേണ്ടിയുള്ള പോരാട്ടങ്ങളിൽ ഭരണകൂടത്തിന്റെ ശ്രദ്ധ തിരിച്ചുവിടാൻ ഇന്ത്യയിലെ ഓരോ പൗരനെക്കൊണ്ടും സാധിക്കും. വികസിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്ര- സാങ്കേതിക വിദ്യയുടെയും പത്ര- മാധ്യമത്തിന്റെയും സഹായത്തോടെ എത്തിപ്പെടാൻ കഴിയാത്ത സാഹചര്യങ്ങൾ കേരളസമൂഹത്തിൽ ചുരുങ്ങിക്കൊണ്ടിരിക്കുകയാണ്. എന്നാൽ, സ്വാമിവിവേകാനന്ദനെക്കൊണ്ട് "കേരളമൊരു ഭ്രാന്താലയമാണ്" എന്ന് വിശേഷിപ്പിച്ച അതേ സാഹചര്യങ്ങൾ, പൗരബോധമുള്ള, തിരിച്ചറിവുള്ള, വിദ്യാസമ്പന്നരായ കേരളജനത വാഴുന്ന മണ്ണിൽ നിന്നും വിട്ടുപിരിഞ്ഞിട്ടില്ല എന്നോർമ്മപ്പെടുത്തുന്ന കാഴ്ചകൾ നാൾക്കുനാൾ നാം കേട്ടുകൊണ്ടിരിക്കുന്നത്.

14 ആം കേരളനിയമസഭയുടെ 10 ആം സമ്മേളനത്തിൽ വിദ്യാഭ്യാസ മന്ത്രി ആയിരുന്ന പ്രൊഫസർ സി രവീന്ദ്രനാഥ്, 2017-2018 അധ്യയനവർഷം കേരളത്തിൽ ജാതി, മതം എന്നിവ രേഖപ്പെടുത്താതെ പഠിക്കുന്ന കുട്ടികളുടെ എണ്ണം 1.24 ലക്ഷം ആണെന്ന് നക്ഷത്ര ചിഹ്നമില്ലാത്ത ചോദ്യോത്തര വേളയിൽ വ്യക്തമാക്കിയിരുന്നു. മതമാണ് ദൈവത്തിന്റെ അടിസ്ഥാനമെന്നിരിക്കെ, മതേതര ഇന്ത്യയിൽ കേരളമെന്ന കൊച്ചു സംസ്ഥാനത്തിലെ മൂന്നുകോടിയിലധികം വരുന്ന ജനക്കൂട്ടത്തിൽ നിന്നും 1.24 ലക്ഷം കുട്ടികൾ വ്യതിചലിച്ചുവെന്നത് പ്രതീക്ഷയുടെ അടയാളമാണ്. എന്നിരുന്നാലും ബഹുഭൂരിപക്ഷം വരുന്ന കേരളജനത ഇന്നും ചെറുതല്ലാത്ത രീതിയിലുള്ള ആചാരങ്ങളും അന്ധവിശ്വാസങ്ങളും പിന്തുടരുന്നതിന്റെ അനന്തരഫലം കേരളം കണ്ടുകൊണ്ടിരിക്കുന്നു. രാഷ്ട്രീയപരമായ കൊലപാതകങ്ങളും വ്യക്തിവൈരാഗ്യങ്ങൾ മൂലമുണ്ടാകുന്ന അനിഷ്ട സംഭവങ്ങളും ചൂടുള്ള വാർത്തയായി ഇന്നും നിലനിൽക്കുകയാണ്. ശാസ്ത്ര- വ്യക്തിത്വവികാസത്തിന്റെ വളർച്ചയ്ക്കൊത്ത് കൊലപാതകങ്ങളുടെയും അതിക്രമത്തിന്റെയും നിലവാരത്തിൽ വരുന്ന ഭീതിദായകമായ മാറ്റങ്ങളൊഴിച്ചാൽ, രാഷ്ട്രീയ കൊലപാതകത്തിന്റെയും അക്രമരീതികളുടെയും ചുവപ്പുകലർന്ന നിറത്തിന് വ്യത്യാസം വന്നിട്ടേയില്ല.



കൊവിഡ് മഹാമാരിയുടെ എല്ലാവിധ നിയന്ത്രണങ്ങളിലൂടെയും കടന്നുപോയ 2020-2021 കാലഘട്ടത്തിൽ പോലും കേരളത്തിൽ രേഖപ്പെടുത്തിയ രാഷ്ട്രീയ കൊലപാതകങ്ങളുടെ എണ്ണം പത്താണ്. ആവശ്യങ്ങൾക്കുവേണ്ടി ആശയങ്ങൾക്കൊണ്ട് ആയുധമില്ലാതെ പോരാടുന്ന അന്തർദേശീയ നയങ്ങൾക്കുമുന്നിൽ നമ്മളും നമ്മുടെ നാടും വിദൂരമായെ സഞ്ചരിക്കുന്നുള്ളൂവെന്ന് ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തിക്കൊണ്ടാണ് ഓരോ വർഷവും കടന്നുപോകുന്നത്. വിദ്യാസമ്പന്നരായ കേരളത്തിലെ യുവജനങ്ങൾക്കിടയിൽ പ്രണയനൈരാശ്യ കൊലപാതകങ്ങൾ തുടർക്കഥയായി മാറുന്ന കാഴ്ച.. കഴിഞ്ഞ നാല് വർഷങ്ങൾക്കിടയിൽ കേരളത്തിൽ 12 പെൺകുട്ടികളുടെ ചോരയാണ് ചീന്തിയത്. സാക്ഷരകേരളത്തിന്റെ അഭിമാനത്തെ ചോദ്യം ചെയ്യുന്ന രണ്ട് കൊലപാതകങ്ങൾക്കാണ് 2021 ൽ സാക്ഷിയാകേണ്ടി വന്നത്. ആറ് വയസ്സുള്ള കുട്ടിയെ സ്വന്തം അമ്മതന്നെ നരബലിയിലേക്ക് നയിക്കുന്ന കരളടപ്പിക്കുന്ന സാഹചര്യം.

**"ഭാരതമെന്ന പേരുകേട്ടാലഭിമാന-**

**പൂരിതമാകണം അന്തരങ്കം**

**കേരളമെന്നു കേട്ടാലോ തിളയ്ക്കണം**

**ചോര ഞരമ്പുകളിൽ"**

ചോരയ്ക്കും പല മാനങ്ങളുണ്ടെന്നും, അവയ്ക്കനുസരിച്ച് ചുവപ്പിന്റെയും തിളപ്പിന്റെയും കാഠിന്യം കൂടുമെന്നും സാക്ഷരജനത തിരിച്ചറിയേണ്ടുന്ന സമയം അതിക്രമിച്ചിരിക്കുന്നു. ആക്രമണോത്സുകത മനുഷ്യകുലത്തിന്റെ അവസാനം വരെയുള്ള ആന്തരികസ്വഭാവമാണെന്നിരിക്കെ, അവയുടെ ആഴങ്ങളിലുണ്ടാകുന്ന കുറവുകളാണ് മനുഷ്യത്വത്തിന്റെ മാറ്റ് തിരിച്ചുപിടിക്കുന്നത്.



Indukumari U. K
Natural science (2021-23)



# യുദ്ധം

ശാന്തതയുടെ തീരത്ത് വിശപ്പ് ദാഹിക്കുന്ന
പക്ഷി,
കഴുകൻ
ഒട്ടുമൊഴുക്കില്ലാത്ത തീരത്ത് പിറവി കൊള്ളുന്ന സൂര്യനെ നിമിഷനേരം കൊണ്ട്
ഇരുട്ടറയിലാക്കുന്നു.
കഴുകൻ
സ്വദുരാഗ്രഹത്താൽ നീ കൊത്തിവലിക്കുന്നു "കുഞ്ഞിൻ കുടൽമാലയും
അമ്മതൻ
മാറിടവും അച്ഛൻറെ സ്നേഹവും"
നീ നിൻറെ അനുയായികൾക്ക് കാഴ്ചവെക്കുന്നു പവിഴ മുത്തുകൾ നിറഞ്ഞ ഈ
ലോകത്തെ
നീയറിഞ്ഞുവോ നാളെ നീയും ഈ നാലടി മണ്ണിൽ പുഴുവായി തീരും എന്ന്.
കഴുകാ നിന്റെ ഈ നീണ്ട കഴുത്തിന് ചുറ്റിപ്പിടിക്കാൻ ഞാനും വളർത്തുന്നുണ്ട് ഒരു
സർപ്പത്തെ,
അന്നു നിന്റെ ബന്ധുമിത്രാദികൾ നോവെടുത്ത് വെമ്പും, അന്നു ഞാൻ നിൻറെ
പണിശാലകൾ തീയിട്ടു മൂടും.
ഞാനും നീയും ഒന്നാകുന്ന നമ്മളാകുന്ന ഈ ഭൂമിയിൽ ശേഷിക്കുന്ന ഒരു പുൽനാമ്പു
പോലും നിൻ പ്രവർത്തിയിൽ തലകുനിച്ചു നിൽക്കും.
കാതങ്ങൾക്ക് മുൻപേ പുരാണങ്ങളിലും അത് നടന്നു.
ഇങ്ങ് ഈ ഇരുപതിയൊന്നാം നൂറ്റാണ്ടിലും നടക്കുന്നു.
ഇരുചേരികളിൽ നിന്നും മാറിടം പൊളിച്ച് ചോരകുടിക്കുന്ന മനുഷ്യൻറെ നീചമാം
പ്രവർത്തി -യുദ്ധം



അഖിൽ സീ കെ
മലയാളം (2022-24)

# TANTRUM

A TANTRUM, WILD AND FREE,
A CHILD WITH A POUT, HIS MISERY
HE SCREAMED AND YELLED, A TICKING TIME BOMB
AS HIS PARENTS TRIED TO KEEP HIM CALM

BUT WITH EACH PASSING MINUTE, HIS RAGE GREW
INTENSIFYING, UNTIL IT BURST ANEW.
UNTIL AT LAST, WITH ONE FINAL SHOUT
THE CHILD HAD SPENT ALL HIS ANGER OUT.

AND AS THE PARENTS LOOKED UPON THEIR LITTLE CHIEF,
EXHAUSTED FROM HIS OUTBURST, THEIR RELIEF
THEY RESUMED THEIR CELEBRATIONS, FREE FROM STRIFE.
FOR IN THAT MOMENT, PEACE HAD COME BACK TO LIFE.

THE PAST IS WHERE A GLORY HAY'S
AS WE LOOK BACK ON OUR CHILDHOOD DAYS,
AND SEE THE LESSONS WE LEARNED THROUGH TEARS
AND THE MOMENTS OF JOY THAT EASED OUR FEARS.

FOR EVEN IN TANTRUMS, WE CAN FIND
A REMINDER THAT LOVE AND PATIENCE ARE KIND
AND THAT, THOUGH WE MAY STUMBLE AND FALL,
WE CAN ALWAYS RISE AND STAND TALL.



**Devika K K**
**English (2022-24)**



# നരബലി

അശാന്തിയുടെ  വാർത്തകൾ പരക്കുന്നു
ലോകം ഉറ്റുനോക്കുന്നു ഭീകരതയെ
വിദ്യാസമ്പന്നരുടെ നാട്ടിൽ നടമാടും ഈ ക്രൂരത
ഹേ മർത്യാ.. അരുതേ ഹിംസയരുതേ..
മൂർച്ചയേറിയ കഠോരത്താൽ വെട്ടി നുറുക്കി
നിണമുറ്റി കുടിച്ചവൻ നീ
മനുഷ്യ മാംസം വെന്ത മണം ചുറ്റും പരക്കുന്നു
അന്ധതയെ മുറുകെ പിടിച്ചവർ
ഈ ക്രൂരതക്ക് എന്നാണു വിരാമം?
നിന്നിലെ നന്മ പൂക്കും മനസ്സെവിടെ?
വിശ്വമാനവ സ്നേഹം നിലനിർത്താനായ്
ഒന്നിച്ചു നമുക്കു പോരാടാം
ശാസ്ത്ര ചിന്തകൾ മുറുകെ പിടിച്ചിടാം
അന്ധത കൈവിടാം നല്ലൊരു നാളേക്കായ്..



**Drishya P P**
**Physical Science (2022-24)**



# വശ്യ സുന്ദരിയായ നീലി

അധരം മുഴുവൻ മഞ്ഞൾകുറി
വരച്ച്, കണ്ണിൽ കരിമഷി
കൊണ്ട് ആട്ടക്കലാശം നടത്തി,
ചുണ്ടിൽ ചോര കൊണ്ട്
ചായം പൂശി, ഇടതൂർന്ന
കാർകൂന്തൽ കൊണ്ട്
മാറുമറച്ച്, കാട്ടുചീരയുടെ
നീരുകൊണ്ട് കാല് ചുവപ്പിച്ച്,
ഒറ്റ ചെണ്ടയുടെയും
ഇലത്താളത്തിന്റെയും താളത്തിൽ
ലാസ്യഭാവത്തോടെ താളം ചവിട്ടി
വന്ന സുന്ദരി.. എണ്ണയും
താളിയും വേണോ എന്ന
മധുരമൂറുന്ന വാക്കുകൾ കൊണ്ട്
അവൾ കാലത്തിനു മറുപടി
കൊടുത്തപ്പോൾ തോറ്റുപോയത്
കാളകാട്ടിന്റെ മുൻപിൽ മാത്രം.
ഇന്നും രാത്രികാലങ്ങളിൽ
നീലി അതീവ സുന്ദരിയായി ആ
കുളക്കടവിൽ വരാറുണ്ടത്രേ..



മനുഷ്യവിശ്വാസങ്ങളെയും പ്രകൃതിയെയും ക്രമീകരിക്കുന്ന ദ്രാവിഡ സംസ്കാരത്തിന്റെ ശേഷിപ്പുകളാണ് ഉത്തരമലബാറിലെ തെയ്യക്കാവുകൾ. ഓരോ ജീവജാലങ്ങളിലും നിറഞ്ഞുനിൽക്കുന്നതാണ് ഈശ്വര ചൈതന്യം, എന്ന മഹത്തായ വീക്ഷണമാണ് ഈ സംസ്കാരത്തിനടിസ്ഥാനം. ഉത്തരമലബാറിലെ കാവുകളുടെ ചരിത്രം പരിശോധിച്ചാൽ അവയെല്ലാം തന്നെ പ്രകൃതി സംരക്ഷണ ഇടങ്ങൾ എന്ന നിലയിൽ ഉത്ഭവിച്ചിട്ടുള്ളതാണെന്ന് മനസ്സിലാക്കാൻ സാധിക്കും. എന്നാൽ, മനുഷ്യൻറെ അപക്വമായ വികസന ചിന്താഗതികൾ കാവുകളുടെ രൂപവും ഭാവവും മാറ്റിമറിച്ചിട്ടുണ്ട്.

വടക്കേ മലബാറിലെ തെയ്യക്കാവുകളെ കുറിച്ചുള്ള ഇന്നത്തെ വായന ഇപ്രകാരമാവുന്നിടത്താണ് മാങ്ങാട് നീലിയാർക്കോട്ടവും അവിടെ ആരാധികപ്പെടുന്ന കോട്ടത്തമ്മ നീലിയാർ ഭഗവതിയും അതീവ പ്രാധാന്യമുള്ള, സവിശേഷമായ കാഴ്ചയായി മാറുന്നത്.

എല്ലാ ജീവജാലങ്ങൾക്കും അവകാശമുള്ള, മനുഷ്യനിർമ്മിതികൾക്ക് പ്രാധാന്യമില്ലാത്ത 16 ഏക്കറോളം പരന്നുകിടക്കുന്ന സ്വാഭാവിക വനത്തിൽ, പച്ചിലക്കാട്ടിലച്ചി എന്ന് സ്വയം വിശേഷിപ്പിക്കുന്ന നീലിയാർ ഭഗവതി ആരാധിക്കപ്പെടുന്നു . ആചാര അനുഷ്ഠാനങ്ങൾ കൊണ്ടും, രൂപഭാവങ്ങൾ കൊണ്ടും നീലിയാർ കോട്ടവും കോട്ടത്തമ്മയും വ്യതിരിക്തമായൊരു അസ്ഥിത്വം കൈവരിക്കുന്നു.

തുലാമാസത്തിൽ ആരംഭിച്ച് ഇടവപ്പാതിയോടുകൂടി അവസാനിക്കുന്ന ഉത്തരമലബാറിലെ തെയ്യക്കാലത്തിനു വിഭിന്നമായി ഇടവേളകളില്ലാതെ വർഷത്തിൽ എല്ലാ സമയവും നീലിയാർകോട്ടത്തമ്മയുടെ തിരുമുടി ഉയരുന്നു. കോലം തികഞ്ഞ മാതാവാണ് അമ്മ നീലിയാർ ഭഗവതി. മറ്റു തെയ്യങ്ങൾ കാവിന്റെ മുന്നിൽ വന്നു തിരുമുടിയേന്തി ആയുധം സ്വീകരിക്കുമ്പോഴാണ്ദൈവിക ചൈതന്യത്തിലേക്ക് ഉയർത്തപ്പെടുന്നത്. എന്നാൽ തിരുമുടിയേന്തി, ആയുധത്തോടു കൂടി കോലം തികഞ്ഞാണ് അണിയറയിൽ നിന്നും കോട്ടത്തമ്മയുടെ പുറപ്പാട്. കാഴ്ചയിൽ തായ്പര ദേവതയോട് സാദൃശ്യമുള്ള രൂപമാണ് കോട്ടത്തമ്മയുടേത്.





കണ്ണൂർ കൊട്ടിയൂരിനടുത്തുള്ള മണത്തണയിൽ നാട്ടുരാജാവിനാൽ അപമൃത്യുവിനിരയായ സുന്ദരിയും തർക്കശാസ്ത്ര വിദഗ്ധയുമായ താഴ്ന്ന ജാതിയിൽപ്പെട്ട യുവതിയാണ് മരണശേഷം നീലിയാർ ഭഗവതിയായി മാറിയത്. വ്യഭിചാരദോഷം ചുമത്തി നീലി എന്നൊരു അടയാത്തി പെണ്ണിനെ അവളുടെ പിതാവിനെ കൊണ്ട് തന്നെ കൊല ചെയ്യിച്ചതും, നീലി മരണാനന്തരം നീലിയാർ ഭഗവതിയായി മാറിയതുമായ മറ്റൊരു നാട്ടു പുരാവൃത്തവും നിലവിലുണ്ട്. മണത്തണയിൽ രൗദ്രഭാവത്തിൽ കഴിഞ്ഞിരുന്ന ഭഗവതിയെ ഒരിക്കൽ അവിടെ എത്തിച്ചേർന്ന കാളകാട്ടു നമ്പൂതിരി “അമ്മേ” എന്ന് വിളിച്ചതിനാൽ അദ്ദേഹത്തിൽ സംപ്രീതിയായ ഭഗവതി കാളകാട്ട് നമ്പൂതിരിയുടെ മെയ്യോലക്കുട ആധാരമായി യാത്ര തിരിക്കുകയും ചെയ്തു. പശുവും പുലിയും ഒന്നിച്ച് സ്നേഹത്തോടെ കഴിയുന്നിടത്ത് തന്നെ കുടിയിരുത്തണമെന്ന് ഭഗവതി അരുൾ ചെയ്തിരുന്നത്രേ. യാത്രാ മദ്ധ്യേ മാങ്ങാട് ദേശത്തിൽ അപ്രകാരം ഒരു സ്ഥലം കാണുകയും ഭഗവതിയെ അവിടെ കൂടിയിരുത്തുകയും ചെയ്തു.

ചെറിയൊരു കുന്നിൻ പുറത്താണ് ഈ കാവ്. മരക്കാശാവ് ആണ് പ്രധാന മരം. നാട്ടിലിപ്പ, മരോട്ടി , കാരമാവ് തുടങ്ങിയ മരങ്ങളും കുറുങ്കനി എന്ന കുറ്റിച്ചെടിയും വളരുന്നുണ്ട്. ഓരില താമര, കൽത്താമര തുടങ്ങിയ അപൂർവ്വ ഔഷധ ചെടികളും ചെറുനാവ്, മരവാഴ, സീതമുടി, കിങ്ഗിഡിയം ഡെലീഷോസം തുടങ്ങിയ ഓർക്കിഡുകളും കാവിൽ ഉണ്ട്. മഴക്കാലത്ത് കാവിനുള്ളിൽ നിന്നും ഒരു അരുവി ഉൽഭവിക്കാറുണ്ട്. ( എന്ന ആത്മരവും ഈ കാവലുണ്ട് ഇതിൻറെ പഴം പക്ഷികൾക്കും ചെറു മൃഗങ്ങൾക്കും ഏറെ പ്രിയങ്കരമാണ് ).

തെയ്യക്കാവുകളോട് ചേർന്നു നിർത്തേണ്ടിയിരുന്ന പച്ചപ്പിനെ ആവുംവിധം ദ്രോഹിച്ചുകൊണ്ട് രൂപ പരിണാമം നേടുന്ന കാഴ്ച മിക്ക കാവുകളിലും കാണാൻ സാധിക്കുന്നിടത്താണ്, പ്രകൃതിയെ നോവിക്കാതെ ജീവിച്ച പൂർവികരുടെ നന്മയിലേക്ക് തിരിച്ചു പോകണം എന്ന ആശയം ഉയർത്തിപ്പിടിച്ചുകൊണ്ട് ഇന്നും നീലിയാർക്കോട്ടം നിലകൊള്ളുന്നത്...



AISWARYA P V
NATURAL SCIENCE (2022-24)

# നിറങ്ങളുടെ കൂട്ടുകാരൻ

കേരളത്തിന്റെ അനുഷ്ഠനാകലകളിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ് കളമെഴുത്തും പാട്ടും. ഭക്തിയും കലയും സാമന്വയിക്കുന്ന ഈ കലാരൂപം ദേവീക്ഷേത്രങ്ങളിലാണ് പൊതുവെ അനുഷ്ഠിക്കപ്പെടാറുള്ളത് എന്നിരുന്നാലും കാളി, ദുർഗ്ഗ, അയ്യപ്പൻ, യക്ഷി, ഗന്ധർവ്വൻ, നാഗങ്ങൾ തുടങ്ങിയ മൂർത്തീകളെയും വർണ്ണപ്പൊടികളാൽ തീർത്തെടുക്കാറുണ്ട്. വെട്ടയ്ക്കൊരുമകൻ, ക്ഷേത്രപാലകൻ തുടങ്ങിയ മൂർത്തികക്കും കളം തീർക്കാറുണ്ട്. പ്രകൃതിയിൽ നിന്നും ശേഖരിക്കപ്പെടുന്ന ഉമിക്കരി, അരിപ്പൊടി, മഞ്ഞൽപൊടി, വാകയിലപ്പൊടി, ചുണ്ണാമ്പും മഞ്ഞളും ചേർന്ന മിശ്രിതം എന്നീ പഞ്ചവർണങ്ങളാണ് കളമെഴുത്തിന് ഉപയോഗിക്കാറുള്ളത്. വ്രതശുദ്ധിയോട്കൂടിയ കലാകാരൻ തന്റെ വിരലുകളുടെ താളത്മകമായ ചലനങ്ങളിലൂടെ ഇഷ്ടമൂർത്തികളെ ക്ഷേത്രാൻഗണത്തിൽ രൂപപ്പെടുത്തുന്നു. സന്ധ്യസമയത്തെ ദീപാരാധനയോട്കൂടി ചടങ്ങുകൾ ആരംഭിക്കുകയും, പ്രാർത്ഥനകളുമായി കളം വലം വയ്ക്കുകയും, തുടർന്നുള്ള ചടങ്ങുകൾക്കൊടുവിൽ തന്റെ സൃഷ്ടി തുടച്ചുമാറ്റുകയും, അവ പ്രസാദമായി നൽകുകയും ചെയ്യുന്നു.















കണ്ണൂർ ജില്ലയിലെ അറിയപ്പെടുന്ന കളമെഴുത് കലാകാരനാണ് ശ്രീനാഥ് മരുതായി. ലോക്ഡൗൺ കാലഘട്ടത്തിലെ വിരസതയിൽ നിന്നുമാണ് ഈ കലാകാരന്റെ യാത്ര ആരംഭിച്ചത്. അച്ഛൻ സതീശൻ മരുതായി വർഷങ്ങളായി ഈ മേഖലയിലെ അറിയപ്പെടുന്ന പ്രതിഭയാണ്. അദ്ദേഹത്തിന് കീഴിലുള്ള ചിട്ടയായ പരിശീലനവും ശ്രീനാഥിന് അടിത്തറ പാകി. കഴിഞ്ഞ രണ്ട് വർഷങ്ങളായി കേരളത്തിലുടനീളമുള്ള ക്ഷേത്രങ്ങളിൽ കളമെഴുത്തിന്റെ ഭാഗമാകാനും, അംഗീകരിക്കപ്പെടാനും ശ്രീനാഥിന് സാധിച്ചു. ലഹരിക്കും മറ്റ് സാമൂഹിക വിപത്തുകൾക്കും അറിയപ്പെടുന്ന യുവതലമുറയ്ക്ക് ഈ ഇരുപത്കാരൻ മാതൃകയാവുകയാണ്. സർഗ്ഗത്മകതയെ പാരമ്പര്യത്തിന്റെ പാരസ്പര്യത്തോടെ ചേർത്പിടിക്കുമ്പോൾ ഒരു ഉപജീവനമാർഗ്ഗം എന്നതിലപ്പുറം ആത്മസാക്ഷത്കാരം കൂടിയാവുന്നു ശ്രീനാഥിന് ഈ മേഖല. കണ്ണൂർ ഇരിട്ടിയിലെ ഇ എം എസ് മെമ്മോറിയൽ കോളേജ് ഓഫ് അപ്പ്ളൈഡ് സയൻസ് ലെ മൂന്നാംവർഷ ബിരുദവിദ്യാർത്ഥിയാണ് ഇദ്ദേഹം. പഠനവും കലയും ഒരുപോലെ കൊണ്ടുപോകുന്ന ഈ യുവകലാകാരന് പി കെ എം കുടുംബത്തിന്റെ ആദരവ് . ശ്രീനാഥിന്റെ സിരകളിലൂടെ ഈ കലാരൂപം തലമുറകൾക്കപ്പുറം ജൈത്രയാത്ര തുടരട്ടെയെന്ന് ആശംസിക്കുന്നു.





ANAGHA V J
ENGLISH (2022-24)

# BLAZE

IN A WORLD OF RED, FIERCE AND BRIGHT,
WOMEN RISE, READY TO FIGHT.
THROUGH STRUGGLES FACED, BATTLES WON,
THEIR VOICES ECHO, ONE BY ONE.

RED, THE COLOR OF POWER AND MIGHT,
SYMBOLIZING A REVOLUTION'S LIGHT.
WITH PASSION BURNING IN THEIR CORE,
THEY UNITE, FOREVER MORE.

INEQUALITY, THEY REFUSE TO BEAR, BREAKING
CHAINS, THEY DARE TO CARE. THEIR DREAMS
TAKE FLIGHT, LIKE CRIMSON FLAMES AND
SANGUINE DEERS, IGNITING HOPE,
DISMANTLING GAMES.

IN CRIMSON HUES, THEIR SPIRIT THRIVES, RED AS
THE HEART, WHERE JUSTICE RESIDES. WITH EVERY
STEP, THEIR STRIDES ARE BOLD, CREATING A
WORLD THAT'S WORTH UNTOLD.

SO LET THE RED OF COURAGE BLOOM, IN THIS
FEMINIE REVOLUTION'S ROOM.
A SYMPHONY OF VOICES, STRONG AND TRUE,
EMBRACING EQUALITY IN ALL THEY DO.



Devika K K
English (2022-24)


വേരുകളിലൂടെ വീണ്ടും തളിർക്കുമെന്ന് ഇല,
മഴത്തുള്ളിയിലൂടെ ഇനിയും ഒഴുകുമെന്ന് പുഴ,
വടുക്കളിൽ പ്രത്യാശ നിറച്ച് കാത്തിരിക്കുമെന്ന് പച്ചപ്പ്...

# ENVIRONMENT

Eternal is the relationship
Between Nature and human beings.
All the elements of water, wind, sky
fire and earth are verily the holders
and nourishes of Creatures.

Forests, mountains, rivers,
animals and birds, further
Nights, days, Seasons, Moon and Sun,
all are unitedly engaged.
for the well-being of the people.
Nature auspiciously protects
and bestows all sorts of pleasures.
So all the beings that are wealth
of the forest regions must be
always protected properly.

May the environment shine neat and
pollution-free in all the spheres of
directions
May River Ganga of love and affections
flow affluent with sacred water.
Spreading sweet tune
of unity and harmony among all
Let all the people live in happiness.
May truth, beauty and auspiciousness
Pervade shining for ever.
Eternal is the relationship
Between nature and human beings.



Anusha V
Physical science(2022-24)

# മണാലി: മോഹിപ്പിക്കുന്ന ഹിമാലയൻ താഴ്‌വരയിലേക്ക് ഒരു യാത്ര



ഹിമാലയത്തിന്റെ മടിത്തട്ടിൽ സ്ഥിതി ചെയ്യുന്ന മണാലി, വടക്കേ ഇന്ത്യൻ സംസ്ഥാനമായ ഹിമാചൽ പ്രദേശിലെ ആകർഷകമായ ഒരു പട്ടണമാണ്. അതിമനോഹരമായ പ്രകൃതിദൃശ്യങ്ങൾ, മഞ്ഞുമൂടിയ കൊടുമുടികൾ, സമൃദ്ധമായ താഴ്‌വരകൾ, ഒഴുകുന്ന നദികൾ എന്നിവയാൽ സാഹസികതയും ശാന്തതയും പ്രകൃതിസൗന്ദര്യവും ആഗ്രഹിക്കുന്ന സഞ്ചാരികളുടെ ആകർഷണമാണ് മണാലി. ഈ വിസ്മയിപ്പിക്കുന്ന ഹിമാലയൻ താഴ്‌വരയിലേക്ക് ഒരു യാത്ര ആരംഭിക്കാൻ ഈ യാത്രാവിവരണം നിങ്ങളെ ക്ഷണിക്കുന്നു, അവിടെ നിങ്ങൾക്ക് അതിമനോഹരമായ കാഴ്ചകളിൽ മുഴുകാനും ആവേശകരമായ പ്രവർത്തനങ്ങളിൽ മുഴുകാനും പ്രാദേശിക സംസ്കാരം പര്യവേക്ഷണം ചെയ്യാനും പർവതങ്ങളുടെ ശാന്തതയ്ക്കിടയിൽ ആശ്വാസം കണ്ടെത്താനും കഴിയും.

# ദിവസം 1: ഓൾഡ് മണാലിയിലെ വരവും പര്യവേക്ഷണവും:

മണാലിയിൽ എത്തുമ്പോൾ, അവിസ്മരണീയമായ ഒരു സാഹസികതയ്ക്ക് ആ താഴ്വര സജ്ജമാക്കി, ശാന്തമായ പർവത വായു നിങ്ങളെ സ്വാഗതം ചെയ്യുന്നു. നിങ്ങളുടെ താമസസ്ഥലത്ത് എത്തിയ ശേഷം, പരമ്പരാഗത വീടുകൾക്കും ഇടുങ്ങിയ പാതകൾക്കും, കഫേകൾക്കും പേരുകേട്ട നഗരത്തിന്റെ ആകർഷകമായ ഭാഗമായ ഓൾഡ് മണാലിയിലേക്ക് പോകുക. മാർക്കറ്റിലൂടെ നടക്കാം, പ്രാദേശിക കരകൗശല വസ്തുക്കൾകാണുക, സുഖപ്രദമായ ഭക്ഷണശാലകളിലൊന്നിൽ രുചികരമായ ഹിമാചലി വിഭവങ്ങൾ ആസ്വദിക്കുക. മനു മഹർഷിക്ക് സമർപ്പിച്ചിരിക്കുന്ന പ്രശസ്തമായ മനു ക്ഷേത്രം സന്ദർശിക്കുക, ആത്മീയ അന്തരീക്ഷത്തിൽ മുഴുകുക. ഹഡിംബ ടെംപിൾ, ബുദ്ധ് മൊണാസ്റ്ററി, വൻ വിഹാർ തുടങ്ങിയവ ഓൾഡ് മണാലിയിലെ മറ്റു ആകർഷണങ്ങൾ ആണ്.

# ദിവസം 2: റോഹ്താങ് പാസ്സും സോളാങ്താഴ്വരയും :



ദിവസം നേരത്തെ ആരംഭിച്ച് 3,978 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പർവതപാതയായ റോഹ്താങ് പാസിലേക്ക് ആശ്വാസകരമായ ഒരു ഡ്രൈവ് ആരംഭിക്കുന്നു. മഞ്ഞുമൂടിയ കൊടുമുടികൾ, ഹിമാനികൾ, നിർമ്മലമായ താഴ്വരകൾ എന്നിവയുടെ വിശാലമായ കാഴ്ചകളിൽ അത്ഭുതപ്പെടുക. ഭൂമിയേ ഒരു വെള്ള പട്ടു കൊണ്ട് ആവരണം ചെയ്യുന്ന താഴ്വരകൾ കണ്ണിനു കുളിർമ നൽകുന്നതാണ്. ശൈത്യകാലത്ത് സ്കീയിംഗ്, സ്നോബോർഡിംഗ്, സ്നോബോൾ പോരാട്ടങ്ങൾ എന്നിവ പോലുള്ള പ്രവർത്തനങ്ങളിൽഏർപ്പെടാനുംസാധിക്കും. മടക്കയാത്രയിൽ, സാഹസികത ഇഷ്ടപ്പെടുന്നവരുടെ സങ്കേതമായ സോളാങ് വാലി സന്ദർശിക്കാം. പാരാഗ്ലൈഡിംഗ്, സോർബിംഗ്, അല്ലെങ്കിൽ കേബിൾ കാറിൽ ത്രില്ലിംഗ് റൈഡ് തിരഞ്ഞെടുക്കാം, ചുറ്റുമുള്ള പർവതങ്ങളുടെ മനോഹരമായ കാഴ്ചകൾ വാഗ്ദാനം ചെയ്യും.



# മൂന്നാം ദിവസം സാഹസിക കായിക വിനോദങ്ങളും ഷോപ്പിംഗും:

അഡ്രിനാലിൻ ലഹരിക്കാർക്കായി, സാഹസിക കായിക ഓപ്ഷനുകൾ മണാലി വാഗ്ദാനം ചെയ്യുന്നു. ബിയാസ് നദിയിൽ റിവർ റാഫ്റ്റിംഗിൽ ഏർപ്പെടുക, പ്രകൃതിരമണീയമായ പാതകളിലൂടെ മൗണ്ടൻ ബൈക്കിംഗ് നടത്തുക, അല്ലെങ്കിൽ ആവേശകരമായ ജീപ്പ് സഫാരിയിൽ ഏർപ്പെടുക. വൈകുന്നേരം, മണാലിയുടെ തിരക്കേറിയ ഹൃദയമായ മാൾ റോഡ് പര്യവേക്ഷണം ചെയ്യുക. പ്രാദേശിക കരകൗശല വസ്തുക്കൾ, സുവനീറുകൾ, കമ്പിളികൾ എന്നിവ വാങ്ങുക, തെരുവ് ഭക്ഷണങ്ങൾ ആസ്വദിക്കുക. ഊഷ്മളമായ കഫേകളിലൊന്നിൽ വിശ്രമിക്കുകയും നഗരത്തിന്റെ സജീവമായ അന്തരീക്ഷത്തിൽ മുഴുകുകയും ചെയ്യുക.

പ്രകൃതി സ്നേഹികൾക്കും സാഹസികത ഇഷ്ടപ്പെടുന്നവർക്കും മലനിരകൾക്കിടയിൽ ആശ്വാസം തേടുന്നവർക്കും ഒരു പറുദീസയാണ് മണാലി. വിസ്മയിപ്പിക്കുന്ന പ്രകൃതിദൃശ്യങ്ങൾ, സമ്പന്നമായ സാംസ്കാരിക പൈതൃകം, നിരവധി പ്രവർത്തനങ്ങൾ എന്നിവയാൽ, മണാലി ശരിക്കും അവിസ്മരണീയമായ ഒരു കാഴ്ച നൽകുന്നു.



Hariprasad N
Natural Science (2022-24)

# प्रकृति

कलयुग में अपराध का
बढ़ा अब इतना प्रकोप
आज फिर से काँप उठी
देखो धरती माना की कोख !!
समय समय पर प्रकृति
देती रही न कोई चोट
लालच में इतना  अंधा हुआ
मानव को नहीं रहा कोई खौफ !!



Aparna pradeep
Social Science (2022- 24)






Sreelakshmi V P
Natural Science (2022-24)

# കരുതലുള്ള കാവൽക്കാരാകാം....

"ശ്യാമസുന്ദര കേര കേദാര ഭൂമി...
ജന ജീവിത പല ധാന്യ സമ്പന്ന ഭൂമി... "

ഇതാണ് നമ്മുടെ സങ്കൽപ്പങ്ങളിലെ ഭൂമി. എന്നാൽ ഭൂമിയുടെ ഇന്നത്തെ അവസ്ഥ വളരെ ദയനീയമാണ്. കാലാവസ്ഥ വ്യതിയാനങ്ങൾ, വർധിച്ചു വരുന്ന മാലിന്യക്കൂമ്പാരങ്ങൾ, ആഗോളതാപനം, ഓസോൺ പാളിയുടെ ശോഷണം തുടങ്ങിയ എല്ലാ ഭൂരൂപങ്ങൾക്കും കാരണം തേടി പോയാൽ എത്തിച്ചേരുന്നത് മനുഷ്യരാശിയുടെ വിപ്ലവകരമായ പല കണ്ടുപിടിത്തങ്ങളുടെയും സൗകര്യാനുസരണം നടത്തിക്കൊണ്ടിരിക്കുന്ന പല ഇടപെടലുകളുടെയും മുന്നിലേക്കാണ്. എല്ലാ ജീവന്റെയും ആധാരമായ പ്രകൃതിയിൽ അവ ഏൽപ്പിക്കുന്ന പ്രത്യാഘാതങ്ങളെ കാര്യമാക്കാതെ നടത്തുന്ന ഈ വികസന പ്രവർത്തികൾ ഒരുകാലത്ത് കതിരണിഞ്ഞുകിടന്നിരുന്ന നെൽപ്പാടങ്ങളെയും വളഞ്ഞുപുളഞ്ഞ് ഒഴുകുന്ന നദികളെയും പാട്ടുപാടി തിമർക്കുന്ന പക്ഷിക്കൂട്ടങ്ങളെയും ഓർമ്മകളിലെ നേർത്ത ദൃശ്യങ്ങൾ ആക്കി മാറ്റിയിരിക്കുന്നു.



സമുദ്രങ്ങളിലും നദികളിലും കുളങ്ങളിലും തോടുകളിലും എന്തിന് റോഡരികുകളിലും വരെ ഇന്ന് മാലിന്യക്കൂമ്പാരങ്ങൾ സർവ്വസാധാരണമാണ്. ആധുനികലോകം നേരിടുന്ന വലിയ ഒരു പരിസ്ഥിതി പ്രശ്നമായി ഇവ മാറിക്കഴിഞ്ഞു. അജൈവമാലിന്യങ്ങളാണ് ഇവയിലെ പ്രധാന പ്രശ്നക്കാർ. അവയെ ബുദ്ധിപൂർവ്വം കൈകാര്യം ചെയ്താൽ പ്രശ്നത്തിന്റെ തോത് ഒരല്പമെങ്കിലും കുറയ്ക്കാൻ കഴിയില്ലേ? ഇവയുടെ ഉപയോഗം കുറയ്ക്കുന്നതും പുനരുപയോഗിക്കാൻ പറ്റുന്നവയെ പുനരുപയോഗിക്കുന്നതും കുറച്ചു ബുദ്ധിമുട്ടിയാണെങ്കിലും നമുക്ക് ചെയ്യാം. അത്യാവശ്യമല്ലാത്തതും പ്രകൃതിക്ക് ഹാനികരവുമായവയെപ്പറ്റി അവബോധം ഉണ്ടായിരിക്കുക എന്നതും അവയെ വേണ്ട എന്ന് വയ്ക്കുന്നതും നല്ലൊരു ഭാവിക്കുവേണ്ടിയുള്ള നല്ല കരുതലുകളാണ്. നമ്മൾ ഈ ഭൂമിയിൽ നിന്ന് പോകുന്നതിനു മുമ്പ് ചെയ്തു തീർക്കേണ്ട കടമകൾ ഇതൊക്കെ തന്നെയല്ലേ? ഒരു സാധാരണ വ്യക്തി എന്ന നിലയിൽ നമുക്ക് ഒറ്റയ്ക്ക് ചെയ്യാൻ പറ്റുന്നതല്ലേ ഇവയൊക്കെ? ഹരിത വികസനവും നമ്മുടെ പ്രവർത്തനമണ്ഡലം ആക്കാം. പ്രകൃതിയെ സ്നേഹിക്കുകയും അതിലെ ചരാചരങ്ങളെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്തു നമുക്ക് മുന്നേറാം. തണലേകുന്ന വൃക്ഷങ്ങൾ പടർന്നു പന്തലിക്കട്ടെ. സസ്യങ്ങൾ നട്ടും മാലിന്യങ്ങൾ കുറച്ചും ഈ യജ്ഞത്തിൽ നമുക്ക് പങ്കാളികളാകാം. ഭൂമിയെ വീണ്ടും സുന്ദരിയാക്കാം.

പൊതുജനങ്ങൾ കാഴ്ചക്കാരല്ല; കാവൽക്കാരാണ്.

ANU MARIYA JACOB
MATHEMATICS (2022-24)



# ഹരിതം, കർമ്മം, നിയന്ത്രണം

പ്ലാസ്റ്റിക് ഇന്ന് ആരാലും ശ്രദ്ധിക്കപ്പെടാത്ത വിധം നമ്മുടെ ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുകയാണ്. തുച്ഛമായ വിലയിൽ എളുപ്പത്തിൽ ലഭ്യമാകുന്ന പ്ലാസ്റ്റിക്കുകൾ, ഒരു സഹായിയായി മാനവരാശിയുടെ കൂടെ കൂടി. എന്നാൽ, കാലക്രമേണ ഉണ്ടായേക്കാവുന്ന ഭവിഷ്യത്തുകളെക്കുറിച്ചു ആരും ചിന്തിക്കുന്നില്ല, ചിന്തിക്കാൻ അവസരം നൽകുന്നുമില്ല. ഉപയോഗശൂന്യമായി പുറന്തള്ളപ്പെട്ട പ്ലാസ്റ്റിക് മാലിന്യങ്ങൾ, രൂക്ഷവും ഗുരുതരവുമായ മലിനീകരണം സൃഷ്ടിച്ചു. സംസ്കരണത്തിലുള്ള പിഴവുകൾ അതിന്റെ ആക്കം കൂട്ടി.

പ്ലാസ്റ്റിക് ഒരു ജൈവ വിഘടനമില്ലാത്ത വസ്തുവാണ്. അതിനാൽ അത് വെള്ളത്തിലും കരയിലും വിഘടിക്കുന്നില്ല. നൂറുകണക്കിന് വർഷങ്ങൾ അന്തരീക്ഷത്തിൽ നിലനിൽക്കുന്നതോടൊപ്പം ഭൂമി, ജലം, വായു മലിനീകരണം എന്നിവ ഉണ്ടാക്കുകയും ചെയ്യുന്നു. ഈ അപകടം നാം നാളുകൾക്ക് മുൻപേ മനസിലാക്കിയതാണെങ്കിലും അതിനെതിരെയുള്ള പ്രവർത്തനങ്ങൾ വേണ്ടത്ര ജനങ്ങളിൽ എത്തിയില്ല. എന്നാലിപ്പോഴത്തെ അവസ്ഥ അതിഭീകരമാണ്. മണ്ണിലും, വെള്ളത്തിലും, വായുവിലും, കടലിലും, കടൽജീവികളിലും, ഭക്ഷണത്തിലും, എന്തിനേറെ മുലപ്പാലിൽ വരെ പ്ലാസ്റ്റിക് മാലിന്യം അതിന്റെ പല ഭാവങ്ങളിൽ പ്രത്യക്ഷമായിക്കൊണ്ട് അത് നമ്മുടെ ശരീരത്തിന്റെയും ഭാഗമായി.

പ്ലാസ്റ്റിക്കിൽനിന്നും ഉടനടി പൂർണമായ ഒരു മുക്തി സാധ്യമല്ല. വ്യക്തമായ തീരുമാനങ്ങളിലൂടെയും, ആസൂത്രണങ്ങളിലൂടെയും, നിയമപരമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും, കർശനമായ ശിക്ഷാനടപടികൾ സ്വീകരിച്ചും മാത്രമേ അത് നേടിയെടുക്കാൻ കഴിയു. എന്നാൽ, ഒരു വ്യക്തി എന്ന നിലയിൽ നമുക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യാനാകും. ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കുകൾ കഴിവതും ഉപയോഗിക്കാതിരിക്കുക, പരമാവധി ഉപയോഗിച്ചശേഷം മാത്രം പ്ലാസ്റ്റിക്കുകൾ ഒഴിവാക്കുക, അവ അലക്ഷ്യമായി വലിച്ചെറിയാതിരിക്കുക, റീ-സൈക്ലിങ് ശീലമാക്കുക, മറ്റുള്ളവർക്ക് മാതൃക ആകും വിധമുള്ള ശീലങ്ങൾ ഉണ്ടാക്കിയെടുക്കുക, ഹരിത കർമ്മ സേന പോലുള്ള പദ്ധതികൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ജീവിതശൈലികളിലൂടെ മറ്റൊരു ബ്രഹ്മപുരവും, വിഷപ്പുകയും, തുടർന്നുണ്ടാകാവുന്ന രോഗങ്ങളും തടയാൻ നമുക്ക് കഴിയും.



LINET TREESA MATHEW

NATURAL SCIENCE (2022-24)











Tincy Thomas
Social Science (2022-24)





Sreelakshmi V P
Natural Science (2022-24)





LIYA
MATHEMATICS (2022-24)






JOBINA JOSEPH
MATHEMATICS 2023-24 BATCH


കാറു മൂടിയ ഇന്നിൽ നിൽക്കുമ്പോഴും
തെളിഞ്ഞ നാളെയാണ് സ്വപ്നം..
ഇരുട്ടു മൂടിയ മണ്ണിലും മനസ്സിലും
ആകാശനീലിമ പരക്കുമെന്ന നിലയ്ക്കാത്ത പ്രതീക്ഷ...

# പ്രതീക്ഷകളുടെ പ്രതീക്ഷ

എല്ലാരും എനിക്ക് ഒരു പുതിയ കാഴ്ചയാണ്.

പുതിയ നഗരം, സ്ഥലം ആളുകൾ

എല്ലാവർക്കും ഒരു പുതുഗന്ധമാണ്.

എല്ലാം എനിക്ക് പുതിയ പ്രതീക്ഷയാണ്.

പ്രതീക്ഷകൾ പടർന്ന് ആഗ്രഹങ്ങളായി മാറിയിരിക്കുന്നു.

എൻറെ ആഗ്രഹങ്ങൾ ഇനിയും സബലീകരിക്കും എന്ന് പ്രതീക്ഷ എന്നിൽ

ഇന്നും ഉയർന്നുനിൽക്കുന്നു

പ്രതീക്ഷകൾ അസ്തമിക്കുന്നു എന്നറിയുന്ന നിമിഷം എന്നിൽ

വിഷാദ വരെയും വിഷാദ വലയം ചുറ്റിവരയുന്നു.



ANITA ROY
PHYSICAL SCIENCE (2022-24)



# NEVER GIVE UP

When things go wrong, as they sometimes will.
When the road you are, trudging seems all uphill,
When the funds are law and the debts are high,
And you want to smile, but you have to sigh,
Where care is pressing you down a bit
Rest, if you must, but you don't quit.

Life is queer, but it's twists and turns,
As everyone of us sometimes learns,
And many a failure turns about,
When he might have won had he stuck it out;
Don't give up though the pace seems slow.
You may succeed with another blow.

Often the goal is nearer than,
It seems to a faint and faltering man,
Often the struggler has given up,
When he might have captured the victor's cup,
And he learned too late when the night slipped down,
How close he was to the golden crown.

Success is failure turned inside out-
The silver tint of the clouds of doubt,
And you never can tell how close you are,
It may be near when it seems so far,
So stick to the fight when you're hardest hit-
It's when things seem worst that you must not quit



Anju T Mathew
Physical science (2022-24)



# പ്രതീക്ഷ

കൊടും വരൾച്ചയെ അഭിമുഖീകരിക്കുന്ന ഒരു ചെറിയ ഗ്രാമം മലനിരകളിൽ ഉണ്ടായിരുന്നു. വിളകളെല്ലാം നശിച്ചു. ഗ്രാമവാസികൾ നിരാശരായിത്തീർന്നു. എന്നിരുന്നാലും, ഒരു ദിവസം, ഒരു യാത്രക്കാരൻ ഗ്രാമത്തിലെത്തി. മഴയും ഭാഗ്യവും കൊണ്ട് വരാൻ കഴിയുന്ന ഒരു മാന്ത്രിക വെളുത്തപക്ഷിയെക്കുറിച്ചുള്ള ഒരു കഥ പറഞ്ഞു. ഗ്രാമവാസികൾക്ക് ആദ്യം സംശയമുണ്ടായിരുന്നു. എന്നാൽ, ആ ഗ്രാമത്തിലെ ഒരു പെൺകുട്ടി ആയിരുന്നു മിയ. അവളിൽ പ്രതീക്ഷയുടെ തീപ്പൊരി ഉണ്ടായിരുന്നു. അവൾ വെളുത്തപക്ഷിയെ കണ്ടെത്താനുള്ള ഒരു യാത്ര പുറപ്പെടാൻ തീരുമാനിച്ചു. ചുട്ടുപൊള്ളുന്ന നാടുകളിലൂടെ ചൂടിനെ അതിജീവിച്ചും നിരവധി പ്രതിബന്ധങ്ങളെ നേരിട്ടും അവൾ യാത്ര ചെയ്തു. പക്ഷെ ഉപേക്ഷിക്കാൻ ഒരുങ്ങുമ്പോൾ അവൾ ആകാശത്തൊരു വെളുത്തപക്ഷി ഉയരുന്നത് കണ്ടു. മിയ പക്ഷിയെ പിന്തുടർന്നു. ഒടുവിൽ അത് അവളുടെ തോളിൽ വന്നിരുന്നു. പക്ഷി മിയയോട് സംസാരിച്ചു. അത് പ്രതീക്ഷയുടെ നാളമാണെന്നും അവൾ ആഗ്രഹിച്ചാൽ മഴ വരുമെന്നും പറഞ്ഞു. അങ്ങനെ മിയ കണ്ണുകളടച്ച് ആഗ്രഹം പറഞ്ഞു. അവൾ കണ്ണുതുറന്നപ്പോൾ ആകാശം ഇരുണ്ടതായി മാറുന്നത് അവൾ കണ്ടു. താമസിയാതെ മഴ പെയ്യാൻ തുടങ്ങി. ഗ്രാമവാസികൾ ആഹ്ലാദഭരിതരായി. തങ്ങളുടെ ഭാഗ്യം വിശ്വസിക്കാൻ കഴിഞ്ഞില്ല. വെളുത്തപക്ഷി മിയയുടെ ആഗ്രഹം നിറവേറ്റുകയും ഗ്രാമത്തിലേക്ക് പ്രതീക്ഷ തിരികെ നൽകുകയും ചെയ്തു . അന്ന് മുതൽ ഗ്രാമവാസികൾക്ക് പ്രതീക്ഷയുടെ പ്രതീകമായി വെളുത്തപക്ഷി മാറി. അവർക്ക് പ്രയാസകരമായ സമയങ്ങൾ നേരിടുമ്പോഴെല്ലാം അവർ ആകാശത്തേക്ക് നോക്കി veluthapakshi തങ്ങൾക്ക് മഴയും ഭാഗ്യവും കൊണ്ടുവന്ന ദിവസം ഓർക്കും. അന്ന് മുതൽ വെളുത്തപക്ഷിയുടെയും മിയയുടെയും കഥ ഒരു ഇതിഹാസമായി മാറി, തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടു. ഇരുണ്ട സമയങ്ങളിൽപ്പോലും പ്രത്യാശ എപ്പോഴും കണ്ടെത്താൻ ആകുമെന്ന് ആളുകളെ ഓർമിപ്പിക്കുന്നു.



Archana K.
Mathematics (2022-24)





**Anjana T**
**Natural Science (2021-23)**

# Silver linings

SUDDENLY , THE WORLD SHUTDOWN
THE EARTH'S SUPPOSEDLY STRONG MAN
SUBMITTED TO THE VIRUS
THE MASK ENGULFED THE SMILE
NATURE WITNESSED MAN'S DESPAIR

EVEN IN THE WHIRL OF SORROW WE KNOW, WE WILL BE OKAY
IN THE END, WE CAN'T GIVE UP
NOW OUR CLOUDS ARE OVERCAST &DARK
LOOK AROUND, WE ARE SAFE!
ISN'T THIS A REMINDER WHEN WE WAKE UP EACH DAY

OUR EXISTENCE ITSELF IS THE SILVER LINING
EVERYTHING WILL BE INTO A NEW NORMAL
IF SO, OUR NEW WORLD WILL HAVE MORE COLOURS
HOPE, IT'S THE RAY THAT LOOKS FORWARD FROM WITHIN OUR SOUL
MAN, LEARNING TO UNLEARN AND RELEARN THINGS
EMBRACING THE NEW NORMAL IN THE RAIN CLOUDS TOWARDS THE SILVER LINING
BUT IT DOESN'T MATTER IF THERE IS ANYTHING BEHIND THE CLOUDS,
THIS QUEST FOR A RAY OF HOPE, THAT ITSELF IS THE SILVER LINING



SREELAKSHMI V P
NATURAL SCIENCE (2022-24)

എത്രമേൽ അശാന്തമാണ് നീ
അത്രമേൽ ഞാനും ഇന്ന് അശാന്തം



ആർഷ വി
ഇംഗ്ലീഷ് (2022-24)

# ESPERANZA

IN THE MIDST OF SOLITUDE, I STOOD,
GRIPPING TIGHTLY ONTO HOPE'S RAIL,
ON A PATH THAT ONCE SEEMED HARSH AND CRUDE,
YET NOW INFUSED WITH A HOPEFUL TALE.

THE DARKNESS THAT SURROUNDED MY HEART,
ABRUPTLY GAVE WAY TO A GLIMMER,
AS TRUST'S THIRST BEGAN TO DEPART,
I GLIMPSED A FUTURE THAT GREW CLEARER.

WITHIN THE DEPTHS OF MY OWN MIND'S PLEA,
I FOUND A GUIDING LIGHT, SHINING BRIGHT,
A VOICE WITHIN, WHISPERING TO ME,
UNVEILING THE ESSENCE OF MY SOUL'S FLIGHT.

NO LONGER TRAPPED IN SORROW'S EMBRACE,
WITH HOPE AS MY WINGS, I SOARED ABOVE,
EMBRACING JOY, LOVE'S GENTLE GRACE,
ESCAPING THE CLUTCHES OF DESPAIR AND LOVE.

OH, HOW UNCERTAIN I ONCE HAD BEEN,
LOST IN THE LABYRINTH OF MY OWN THOUGHT,
BUT NOW I SEE, BEYOND THE UNSEEN,
A HOPEFUL PATH THAT CAN'T BE BOUGHT.

THIS NEWFOUND HOPE, ETERNAL AND TRUE,
HAS WOVEN ITS THREADS WITHIN MY CORE,
NO LONGER BOUND BY THE PAIN I ONCE KNEW,
I EMBRACE THE FUTURE, FOREVERMORE.



*Devika K K*
*English (2022-24)*





ANU MARIYA JACOB
MATHEMATICS (2022-24)



Devika K K
English (2022-24)




"Dive into the depths of
possibility, guided by the blue
hues of hope."



പ്രാവിന്റെ വെള്ളത്തൂവലിലൂടെ
കഴുകൻ കാലുകൾ ആഴ്ന്നിറങ്ങുമ്പോൾ
സ്നേഹം.
സ്നേഹം രാകിമിനുക്കിയ വാക്കുകൾ കൊണ്ട്
മുറിവുകളിൽ മരുന്നേകാം.
കൊട്ടിയടയ്ക്കപ്പെട്ട ഹൃദയങ്ങളിൽ വെളിച്ചമേകാം.

# കൂടപ്പിറപ്പ്

ഓർമ്മിച്ചെടുത്താൽ
കടലോളം സ്നേഹത്തിൻ നിറകുടമാണെൻ
കൂടപ്പിറപ്പ്
ശിഥിലമാം ചിന്തയാൽ മനസ്സു നീറുമ്പോൾ
ചിലനേരം ഹൃത്തടം ദുഃഖാർദ്രമാകുമ്പോൾ
സാന്ത്വനത്തണലായും വഴിവിളക്കായുമെൻ
ചാരെ അണയുന്നു നീ എൻ കൂടപ്പിറപ്പേ.....

രക്തബന്ധത്തിന്റെ ഊഷ്മള സ്നേഹമെൻ
മനസ്സിൽ കുളിർത്തെന്നൽ വീശുമ്പോൾ
ഓർക്കുന്നു ഞാനെൻ കൂടപ്പിറപ്പേ.. നിന്നെ
ആ നിമിഷമെൻ ഹൃത്തടം തേങ്ങുന്നു മിഴികൾ
തിരയുന്നു മനസ്സു മന്ത്രിക്കുന്നു എവിടെ മറഞ്ഞു
എൻ പാതി ജീവൻ

ദിവസങ്ങൾ മാസങ്ങളൊക്കെ കടന്നുപോയ്
കണ്ണുടക്കാത്ത ദിക്കുകളില്ല, കോണുകളില്ല,
മുഖങ്ങളില്ല
എങ്കിലും എവിടെയും കണ്ടെത്തിയില്ല ഞാനെന്റെ
പാതിജീവ നെ.....

കാലങ്ങൾ എത്ര കഴിഞ്ഞാലും കൺമുന്നിൽ
നിന്നുമകന്നാലും
നീയാണെനിക്കെന്നുമെൻ കൂടപ്പിറപ്പ്
ബാല്യത്തിലെന്നെ സ്നേഹിക്കാൻ പഠിപ്പിച്ച നിൻ
വദനമാണെൻ മനസ്സിലെന്നും....
പ്രിയ കൂടപ്പിറപ്പേ.... നിനക്കെൻ. പ്രണാമം....



പിതകാലങ്ങൾക്ക് ഒരു ആമുഖം



മരിയ ബേബി
മലയാളം (2022-24)

# കടലാഴം

മേലെ ആകാശം...

താഴെ ജലാശയം...

രണ്ടിലുമുണ്ടൊരു

ആഴത്തിൽ നീലിമ

എന്നും നിനക്കായി കാത്തിരിക്കുമ്പോഴും

നമ്മുടെ മിഴിയിലും

സ്നേഹത്തിൻ നീലിമ.



**Christy Philip**
Physical Science (2022-24)

# മുയൽകുഞ്ഞ്

ഗ്രാമത്തിൻ പുൽപരപ്പിൽ, പരിശുദ്ധിതൻ
വെള്ളപുതപ്പ്പോൽ മിനുസമാം മേനികൾ
വശ്യമാം മിഴികൾ തിളങ്ങി ഓടവേ ചുറ്റിലും
കാർമുകിൽ മാനം കറു ത്തുവന്നു
കുഞ്ഞുമേനിയിൽ വെള്ളത്തുള്ളികൾ വീഴവേ
വൃക്ഷചുവട്ടിലെ മാളത്തിൻ അഭയം തേടിയവൻ



Jobina Jose
Mathematics (2022-24)

# നിലാവ്

മൂകമാം ഈ തൃസന്ധ്യ
ആകാശത്തിൽ ഇത്തിരി താഴെ – എനിക്ക് കാണാവുന്നത്രയും താഴെ
വർണങ്ങൾ വാരി വിതറി.
ഒന്നിനുമേൽ മറ്റൊന്നായി
അവ ഇഴുകിച്ചേർന്നു.
ഞാനിമവെട്ടാതിരുന്നു.
എത്ര സ്പഷ്ടമാണീ നിർമ്മിതികൾ..
അവയിൽ ഞാൻ എന്നെ തിരഞ്ഞു.
ചില മൂർച്ചയേറിയ കോണുകളിൽ ചുവപ്പിലെൻ പിടിവാശി,
വിഷാദച്ചുവയിൽ അങ്ങിങ് കല്ലിച്ച പോലൊരു നീലമയം,
ചിലയിടങ്ങളിൽ പനിനീർപ്പൂവുപോലെൻ നനുത്ത പ്രണയം.
ഇരുട്ടുമൂടി, ഞാനെന്നെ തിരഞ്ഞു,
മുഴുവപ്പിക്കാനാവാഞ്ഞ ചില കുമ്പസാരങ്ങൾ പോലെ ഇത്തവണയും ഞാനെന്ന
സങ്കൽപ്പം അപൂർണമായി.
ഒന്ന് മയങ്ങി ഉണർന്നപ്പോൾ വെണ്ണിലാവെന്നെ സ്വീകരിച്ചു.
പ്രസന്നമായെന്നെ തലോടി,
ആശ്വാസം!
ഞാൻ തിരഞ്ഞ എന്നെ ഞാനറിയാതെ മുന്നിൽ നിർത്തി.
അവളിലേക്കാണിനിയെന്റെ യാത്ര.



Anagha V J
English (2022-24)

# നിന്നോളം.....

നിന്നോളം ഉന്മാദമേകുന്ന ലഹരിയൊന്നുമില്ല മന്നിൽ
നിന്നോളം നീറിയിട്ടില്ലൊരു വേദനയും എന്നിൽ
നിന്നോളം തെളിച്ചവും മാധുര്യവുമില്ലേതു
തണ്ണീരിനും
നിന്നോളം ശോഭയില്ലതു സൂര്യകിരണങ്ങൾക്കും
നിന്നിലും മീതെ ഉണർത്തുന്നില്ലേതു പൗർണമി
ചന്ദ്രനും
കാമിനീ.... നീയെൻ ജീവസ്പന്ദനം......



Ann mariya Raju
Physical science (2022-24)



# WHITE DOVE IS A SYMBOL OF PEACE AND LOVE

The white dove is often used as a symbol of peace because of its pure white color. The color white is often associated with purity, innocence, and peace. Whenever we see a white dove, it serves as a reminder that no matter how turbulent the world may be there is always hope for peace. The White dove is a universally recognized symbol of love, while its gentle cooing is reminder that love should be shared softly and with care. White doves are symbolic of new beginnings, peace, fidelity, love, luck and prosperity. Dove is also a universal symbol of peace and often associated with the holiday season. Doves provide comfort because they help people remember their loved ones are watching over them.

In the Old Testament of the Bible, a dove is a symbol of reconciliation, forgiveness and peace. In the book of Genesis, after the flood, a dove returned to Noah holding an olive leaf. To hear the cooing of a mourning dove can be understood as a call to seek and find inner peace. In Christianity, a white dove often symbolizes the Holy spirit and is God's chosen messenger between the physical and spiritual realms. Its physical manifestation is a reminder of God's eternal love and his requirement that we love one another as he has loved us. The dove's presence is associated with peace, happiness, love, truth, and healing.

Dove is a gentle reminder to help you get back into harmony and follow the flow of life. In the case of grief seeing a dove may be a sign that a spiritual love surrounds you. The white dove is a symbol of peace and gentleness. The bird is known for its gentle cooing and calming presence. A white dove is often used as a symbol of new beginnings because of its strong association with peace and love. The white dove is a symbol of many positive things. Some of the most common associations include purity, peace, love, and new beginnings. The white dove is also often seen as a symbol of transformation and hope. Whether you see a white dove in person or in art, it is sure to bring a sense of peace and hope into your life.



Josna Jose
English (2022-24)



SAHALA YASMIN
NATURAL SCIENCE (2022-24)

# മായാത്ത കലാലയ ഓർമ്മകൾ

മനസിനെ കുളിർക്കുന്ന കലാലയ ഓർമ്മകൾ
മരതകം പൂശിയ മധുരിക്കും ഓർമ്മകൾ

അകലങ്ങളിൽ നിന്ന് വന്നവർ
അടരാത്ത സ്വപനങ്ങൾ തീരാത്തവർ
വഴി നീളൻ വരാന്തയിൽ ഒളിപ്പിച്ച പ്രണയവും
വാക്കിൽ ഒതുങ്ങാത്ത മുറിയാത്ത
സൗഹൃദവും
മഴയത്ത് തളിർത്തതും

വേയിലേറ്റ് വാടിയതുമായ
സ്വപ്നങ്ങളും മോഹഭംഗങ്ങളും
തനിച്ചിരിന്നു താനെ മുറവിളി കൂട്ടുന്നു.
ഇനി ഒരിക്കൽ കൂടി പിൻ നടത്തം
സാധ്യമെങ്കിൽ

ഇണക്കത്തിന്റെയും പിണക്കത്തിന്റെയും
പുഞ്ചിരിയുടേയും പരിഭവത്തിന്റെയും
വീതം പറ്റാൻ മനസ്സു പിടയുന്നു.
ഓർമ്മതൻ വസന്തന്ത കാലം തീർത്ത

കലാലയ വഴിത്താരയിൽ
നാം ഇനിയും കാണും ഓർമ്മകൾ പങ്കു
വെക്കാൻ



Vrindha M O
Social science (2022-24)

# സമാധാനമല്ല ഭിന്നതകൾ

അച്ഛന്റെയും അമ്മയുടെയും ഒപ്പമുള്ള ഫോട്ടോ നോക്കി അജു യാത്ര പറഞ്ഞു. സ്കൂളിൽ പോകുമ്പോൾ എന്നും ഇതൊരു പതിവാണ്. ബാഗിലേക്ക് പുസ്തകങ്ങളും കളർ പെൻസിലുകളും സ്ലേറ്റും എടുത്തുവെക്കുന്നക്കൂടെ അവൻ എന്തൊക്കെയോ പിറുപിറുക്കുന്നത് ജാനകി ശ്രദ്ധിച്ചു. "എന്താണിന്ന് സാറിനു ആകെ ഒരു വിഷമം? ആ ചിരിക്കുന്ന മുഖം കാണിച്ചിട്ട് പൊയ്ക്കൂടേ നിനക്ക് സ്കൂളിൽ, വെറുതെ എന്നെ സങ്കടപെടുത്താതെ? എന്ത് പറ്റി എന്റെ കുട്ടിക്ക്?" അവൾ മകനെ കെട്ടിപ്പിടിച്ച് കവിളിൽ തലോടികൊണ്ട് ചോദിച്ചു. അജു തന്റെ ചെറിയ നീരസം പറഞ്ഞു " അച്ഛൻ ഇന്നലെയും വിളിച്ചില്ല. സ്കൂളിലെ ഒരുപാട് വിശേഷങ്ങൾ പറയാൻ ഉണ്ടായിരുന്നു. ഒന്നും പറ്റില്ല. ഒരുപാട് കഴിഞ്ഞാൽ ഇതൊക്കെ ഞാൻ മറന്നുപോവില്ലേ, പിന്നെങ്ങനെ അച്ഛനോട് വിശേഷങ്ങൾ പറയാൻ പറ്റും എന്താമ്മേ അച്ഛൻ വിളിക്കാത്തെ? "

കുസൃതി നിറഞ്ഞ ചിരിയോടെ അവൻ ചോദിച്ചു നിർത്തിയത് ജാനകിയുടെ മുഖത്ത് ചെറിയൊരു വിഷമം വിളിച്ചുവരുത്തി. ശരിയാണ് ശ്രീയേട്ടൻ വിളിച്ചിട്ട് 2 ദിവസമായി. അറിയാം എന്നും സാധ്യമല്ലന്ന് എങ്കിലും എവിടെയോ തനിക്കുമുണ്ട് അങ്ങനൊരു ആഗ്രഹം. അതിർത്തിയിലെ ധീരജവാൻ എന്നും വീട്ടിലേക്ക് ഫോൺ വിളിക്കാനേ..... അസ്സലായി. സ്വയം ചിരിപ്പിച് അവളോർത്തു എന്നിട്ട് മകനെ സമാധാനിപ്പിച്ചു " വിളിക്കും മോനെ. അച്ഛനിന്ന് എന്തായാലും വിളിക്കും. സന്തോഷത്തോടെ ഇപ്പോ സ്കൂളിൽ പോയിട്ട് വാ എന്റെ കുട്ടിയിപ്പോ. " കവിളിൽ ഒരുമ്മയും പാത്രത്തിൽ ഉച്ചക്കുള്ള ചോറും കൊടുത്ത് അവൾ അജുവിനെ യാത്രയാക്കി.

സ്കൂളിൽ ചെന്നാൽ അജുവിന് കൂട്ടുകാരോട് അച്ഛൻ പറഞ്ഞു കേട്ടിട്ടുള്ള കഥകൾ പറയാൻ വലിയ താല്പര്യമാണ്. അത് വെറും കെട്ടുകഥകളല്ല, വെടിയൊച്ചകളുടെയും സഹസികതയുടെയും അഭിമാനത്തിന്റെയും ഗന്ധമുള്ള വീരകഥകൾ. വൈകുന്നേരമായപ്പോൾ സ്കൂളിൽനിന്നും കൂട്ടുകാർക്കൊപ്പം അജു വീട്ടിലേക്ക് പോയി. വീടിനോടടുക്കുതോറും ആകെ ഒരു ബഹളം. കുറേ ആളുകൾ പക്ഷെ എല്ലായിടത്തും നിശബ്ദദ. വീടിനു മുന്നിൽ അതാ ഒരു വലിയ പട്ടാളവണ്ടി. അജു തുള്ളിച്ചാടി ഓടി. അടുത്തതവണ വരുമ്പോൾ ഇതുപോലൊരെണ്ണം തന്നെ കാണിക്കാൻ കൊണ്ടുവരാമെന്ന് അച്ഛൻ വാക്കുതന്നിരുന്നതാണ്. അവനു സന്തോഷമായി. വണ്ടിയിൽ തൊട്ടും തലോടിയും അവൻ അങ്ങനെ നടന്നു. 'അയ്യോ അച്ഛനെ കണ്ടില്ലല്ലോ.' പെട്ടെന്നാണ് അവനത് ഓർമവന്നത്. ഓടി വീട്ടിൽ കയറിയ അവൻ കണ്ടത് ഇന്ത്യൻ പതാക വിരിച്ച ഒരു പെട്ടി മാത്രമാണ്. പുറകിൽ അച്ഛന്റെ ഒരു ഫോട്ടോയും. അമ്മയും, അച്ഛമ്മയും, മുത്തച്ഛനും, അവിടെ ഇരിപ്പുണ്ട്. അമ്മ ഒരു അനക്കവും ഇല്ലാതിരിപ്പാണ്. അവൻ അമ്മയുടെ അടുത്തേക്ക് ചെന്ന് മടിയിൽ ഇരുന്നു. അമ്മക്ക് ഒരു കുലുക്കവുമില്ല. അവനൊന്നും മനസിലായതുമില്ല. അച്ഛന്റെ മുഖത്തേക്ക് നോക്കി അവങ്ങനെ കുറേ നേരം ഇരുന്നു. എപ്പോഴോ കണ്ണ് നിറഞ്ഞു വരുന്നത് അവനറിഞ്ഞു. കർമ്മങ്ങൾ എല്ലാം കഴിഞ്ഞു, വീട്ടിൽ ആകെ മൂകത. ഇടക്ക് എവിടെയോ അമ്മ വിതുമ്പുന്ന ശബ്ദം. അജുവും കരഞ്ഞു അച്ഛമ്മ പറഞ്ഞിരുന്നു ഇനി അച്ഛൻ നമ്മുടെ കൂടെയില്ലെന്ന്, ഒരിക്കലും കാണാൻ കഴിയില്ലെന്ന്. ദിവസങ്ങൾക്കു ശേഷം സ്കൂളിൽ പോകാൻ ഇറങ്ങുമ്പോൾ പതിവുപോലെ ഫോട്ടോ നോക്കി യാത്ര പറയാൻ പോയ അജു അച്ഛന്റെ മാത്രമായുള്ള ഒരു മാലായിട്ട ഫോട്ടോയാണ് അവിടെ കണ്ടത്. അതിലേക്ക് നോക്കി ഒന്നും പറയാതെ അവൻ പോയി.

സ്കൂളിൽ ചെന്നപ്പോൾ ഒരുപാട് സഹതാപങ്ങൾ, ആശ്വാസവാക്കുകൾ... അവനു വീട്ടിലേക്ക് തിരിച്ചു പോകാൻ തോന്നി. കുറച്ചു കഴിഞ്ഞപ്പോൾ മലയാളം ടീച്ചർ ക്ലാസ്സിലേക്ക് വന്നു. ഒരു കഥ പറഞ്ഞു തുടങ്ങി. അജു അതൊന്നും ശ്രദ്ധിച്ചതേയില്ല. പെട്ടെന്ന് എപ്പോഴോ കഥയുടെ ഒരു ഭാഗം അവന്റെ മനസ്സിനെ അങ്ങോട്ട് ആകർഷിച്ചു. 'വെള്ള സമാധാനത്തിന്റെ ചിഹ്നമാണ്. അതുകൊണ്ടാണ് സിനിമയിലൊക്കെ കാണുന്നപോലെ പട്ടാളക്കാർ വെള്ള കാണിച്ച് സമാധാനം സ്ഥാപിക്കാൻ ശ്രമിക്കുന്നത്'. പെട്ടെന്ന് അവൻ തന്റെ അച്ഛനെയോർത്തു. അവിടെ അച്ഛനും അങ്ങനെയാർന്നിരിക്കണം...... യുദ്ധം ആണെന്ന് അമ്മ പറയുന്നത് കേട്ടിരുന്നു. അതിന്റെയിടക്ക് എവിടെ സമാധാനം... എപ്പോഴും വെടിയൊച്ചകളും നിലവിളികളും നിറഞ്ഞ ഒരു അന്തരീക്ഷം അവിടെ ഒരുപാട് പേർക്കിടയിൽ അച്ഛൻ... അവന്റെ കണ്ണ് നിറഞ്ഞൊഴുകി. തിരികെ വീട്ടിലേക്ക് പോകുമ്പോൾ എന്തൊക്കെയോ മനസ്സിൽകൂടി പോകുന്നുണ്ടായിരുന്നു... വീട്ടിലെത്തിയിട്ടും അവൻ ഒന്നും മിണ്ടാതെ അകത്തേക്ക് കേറിപോയതേയുള്ളു. എവിടെയോ യുദ്ധം ആണെന്ന് വാർത്തയിൽ പറയുന്നത് അവൻ കേട്ടു.... അവൻ അച്ഛനെ അവസാനമായി കണ്ടതോർത്തു.... അച്ഛനെ ഇന്ത്യയുടെ പതാകയാണ് പുതപ്പിച്ചിരുന്നത്, അന്ന് വെല്യമ്മാവനെ കണ്ടതുപോലെ വെള്ളയായിരുന്നില്ല...... ടിവിയിലും കണ്ടിട്ടുണ്ട് പതാക പുതപ്പിച്ച മരണം.....ടീച്ചർ പറഞ്ഞത് ശരിയാണ്.... വെള്ളയാണ് സമാധാനത്തിന്റെ പ്രതീകം... പട്ടാളക്കാരുടെ ധീരമരണത്തിൽ ഒരിക്കലും അവരെ വെള്ള പുതപ്പിക്കാൻ പറ്റില്ല....



LINET TREESA MATHEW
NATURAL SCIENCE 2022-24

"White is the color of possibility, of endless potential, of boundless imagination."

കളിച്ചു നേടിയ അഭിമാനം
തെരുവിൽ പൊരുതുമ്പോൾ
എല്ലാം കളിയായി കാണുന്നവർക്ക് മുന്നിൽ
സർവ്വ നിറങ്ങളും ചേർന്ന പ്രതിഷേധം
അഗ്നിയായി ജ്വലിക്കും...

*"Color is the keyboard, the eyes are the harmonies, the soul is the piano with many strings. The artist is the hand that plays, touching one key or another, to cause vibrations in the soul." -*

*Wassily Kandinsky*



# ചലച്ചിത്രങ്ങളുടെ കളർ ഗ്രേഡിങ് : ദൃശ്യവത്കരണത്തിനുള്ള ആകർഷകമായ സാങ്കേതികത

ഇൻസെപ്ഷൻ, ദി ഡാർക്ക് നൈറ്റ് ട്രൈലോജി, ഇന്റർസ്റ്റെല്ലാർ, ഡൺകിർക്ക് തുടങ്ങി നിരവധി പ്രശംസ നേടിയ സിനിമകൾ സംവിധാനം ചെയ്ത ക്രിസ്റ്റഫർ നോളൻ നമ്മുടെ കാലത്തെ ഏറ്റവും പ്രശസ്തനായ ചലച്ചിത്ര സംവിധായകരിൽ ഒരാളാണ്. വളരെയധികം ശ്രദ്ധയും പ്രശംസയും നേടിയ അദ്ദേഹത്തിന്റെ സിനിമകളുടെ ഒരു വശം അവയുടെ അതിശയകരമായ ദൃശ്യ നിലവാരമാണ്, ഇതിന് പ്രധാനമായും കാരണം പോസ്റ്റ്-പ്രൊഡക്ഷനിൽ ഉപയോഗിക്കുന്ന സൂക്ഷ്മമായ കളർ ഗ്രേഡിംഗ് പ്രക്രിയയാണ്. ഈ ലേഖനത്തിൽ, നോളന്റെ സിനിമകളുടെ കളർ ഗ്രേഡിംഗും മൊത്തത്തിലുള്ള സിനിമാറ്റിക് അനുഭവത്തിന് അത് എങ്ങനെ സംഭാവന ചെയ്യുന്നുവെന്നും വിശകലനം ചെയ്യുന്നു .

ഒരു സിനിമയുടെയോ വീഡിയോയുടെയോ നിറങ്ങളും ടോണുകളും ആവശ്യമുള്ള രൂപവും മാനസികാവസ്ഥയും കൈവരിക്കുന്നതിന് ക്രമീകരിക്കുന്ന പ്രക്രിയയാണ് കളർ ഗ്രേഡിംഗ്. യോജിച്ച ദൃശ്യ ശൈലി സൃഷ്ടിക്കുന്നതിന്, സ്കിൻ ടോണുകൾ, പശ്ചാത്തലങ്ങൾ, വസ്തുക്കൾ എന്നിവ പോലുള്ള ഒരു സീനിലെ വിവിധ ഘടകങ്ങളുടെ തെളിച്ചം, ദൃശ്യതീവ്രത, സാച്ചുറേഷൻ, നിറം എന്നിവ മാറ്റുന്നത് ഇതിൽ ഉൾപ്പെടുന്നു. വർണ്ണ ഗ്രേഡിംഗിന്റെ ഉദ്ദേശ്യം പറയുന്ന കഥയെ മെച്ചപ്പെടുത്തുക എന്നതാണ്.

ശ്രദ്ധാപൂർവ്വമായ കളർ ഗ്രേഡിംഗിലൂടെ നേടിയെടുക്കുന്ന വ്യത്യസ്തവും ശ്രദ്ധേയവുമായ ദൃശ്യങ്ങൾക്ക് നോളന്റെ സിനിമകളുടെ പ്രത്യേകതയാണ് . ഉദാഹരണത്തിന്, ദ ഡാർക്ക് നൈറ്റ് ട്രൈലോജിയിൽ, ബ്ലൂസിനും ഗ്രേയ്ക്കും കനത്ത പ്രാധാന്യം നൽകുന്ന ഇരുണ്ട ടോണുകളാണ് വർണ്ണ പാലറ്റിൽ ആധിപത്യം പുലർത്തുന്നത്. ഈ വർണ്ണ സ്കീം ബാറ്റ്മാൻ കഥാപാത്രത്തിന്റെ ഇരുണ്ടതും ഉൾവലിഞ്ഞതുമായ മാനസികാവസ്ഥയെ ചിത്രീകരിക്കുന്നു.അതുപോലെ തന്നെ ഗോതം സിറ്റിയുടെ വർണനയും കളർ ഗ്രേഡിങ് ലൂടെ സാധ്യമാവുന്നു.നീല, കറുപ്പ്, ചാരനിറം എന്നിവയുടെ ഉപയോഗം ദൃശ്യങ്ങൾക്ക് യാഥാർത്ഥ്യബോധവും ആഴവും നൽകുന്നു, ഇത് അവയെ കൂടുതൽ ആഴത്തിലുള്ളതും മൂർച്ചയുള്ളതുമാക്കി മാറ്റുന്നു.

